# ആദിവാസികൾ

പി. എ. സെയ്തുമുഹമ്മദ്

## ഗ്രന്ഥകർത്താവിന്റെ കൃതികൾ

കേരളം നൂററാണ്ടുകൾക്കുമുമ്പ്

കേരളത്തിലെ വിദേശമതങ്ങൾ

സഞ്ചാരികൾ കണ്ട കേരളം

കുട്ടികളുടെ കേരളചരിത്രം

കേരളചരിത്രവീക്ഷണം

കേരള മുസ്ലീം ചരിത്രം

ആദിവാസികൾ

ചരിത്രകേരളം

# ആദിവാസികൾ

(ലേഖനങ്ങൾ)

പി.എ.സെയ്തുമുഹമ്മദ്

# ഉള്ളടക്കം


ലമ്പാടികൾ................................................ 5

കക്കാലപുരാവൃത്തം .................................. 8

ആദിവാസികൾ........................................ 10

മറവൻ....................................................... 13

പാർജാരികൾ........................................... 15

ഇരുണ്ട വർഗ്ഗങ്ങൾ ................................. 17

മലയാളികൾ........................................... 19

ഗിരിജനത ............................................... 21

കോയി ..................................................... 25

കുശവർ .................................................. 27

നരവംശശാസ്ത്രപഠനസംബന്ധമായ ഏതാനും ലേഖനങ്ങളുടെ സമാഹാരമാണ് ആദിവാസികൾ.ഇന്ത്യയിലെ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പ്രാചീനനരവർഗ്ഗങ്ങളെസംബന്ധിച്ച് അന്വേഷണത്തിലേർപ്പട്ടപ്പോൾ,അവരുടെ ആചാരവിശേഷങ്ങളെക്കുറിച്ചെഴുതാൻ പ്രേരണലഭിച്ചു.ഈ സമാഹാരത്തിലെ ലേഖനങ്ങൾ തയ്യാറാക്കുന്നതിന് ഭാരതീയ നരവംശപഠനത്തിന് പ്രോത്സാകഹനംനല്കിയ തെഴ്സ്റ്റൻ,കാക്കാകലേല്ക്കർ,അനന്തകൃഷ്ണയ്യർ, സോമർസെറ്റ് പ്ലെയിനി,എ.എ.ഡി. ലൂയിസ് എന്നിവരുടെ ഗ്രന്ഥങ്ങൾ സഹായകമായിട്ടുണ്ട്.മലയാളഭാഷയിൽ പ്രാചീനനരവർഗ്ഗങ്ങളെക്കുറിക്കുള്ള ഗ്രന്ഥങ്ങൾ ആവശ്യമായിരിക്കുകയാണ്.ചരിത്രാന്വേഷണത്തിലേർപ്പെടുന്ന ഏതൊരാൾക്കും നരവംശശാസ്ത്രപഠനം ഒഴിച്ചുകൂടാത്ത ശാഖയാണ്.ഈ ഗ്രന്ഥം ചുരുങ്ങിയ തോതിലെങ്കിലും അതിനുപകരിക്കുമെങ്കിൽ കൃതാർത്ഥനായിരിക്കും.

3-8-1967. – ഗ്രന്ഥകർത്താ

# ലമ്പാടികൾ

ഇന്ത്യയിലെ പ്രാചീനജനവർഗ്ഗങ്ങളിൽ പരിഷ്കാരത്തിന്റെ വെളിച്ചത്തിലേക്ക് കടന്നുവരാൻ വൈമനസ്യമുള്ള ജാതികളേയും ഉപജാതികളേയും ഇന്നും കാണാം.സാമൂഹ്യക്രമങ്ങളും അതിന് പരിവേഷമണിയിക്കുന്ന പ്രാചീനാചാരാങ്ങളും പുരോഗതിയുടെ മാർഗ്ഗത്തിൽ നിന്ന് അവരെ അകറ്റി നിർത്തിയിരിക്കുകയാണ്. ജീവകാരുണ്യപ്രവർത്തനത്തിൽ ശ്രദ്ധാലുക്കളായിരുന്ന ക്രൈസ്തവമിഷ്യനറിമാരും മനുഷ്യവർഗ്ഗശാസ്ത്രത്തിൽ ഔത്സുക്യമുള്ള പാശ്ചാത്യപണ്ഡിതന്മാരും പ്രാചീനവർഗ്ഗങ്ങളുടെ ഇടയിലേക്ക് ആദ്യം കടന്നുചെന്ന സേവനോത്സുകരാണ്.അവരുടെ ജീവിതത്തിന്റെ ഇരുട്ടിലേക്ക് വെളിച്ചവും ജീവിതരീതിക്ക് ചലനവും നൽകാൻ ഈ സേവനനിരതന്മാർക്ക് കഴിഞ്ഞു.ഇന്ത്യ വൈവിധ്യമുള്ള സാംസ്കാരികപ്രതിഭാസങ്ങളുടെ നാടായതുകൊണ്ട് ആയിരക്കണക്കിന് ജാതികളുടേയും ഉപജാതികളുടേയും ആചാരക്രമങ്ങൾ ഇവിടെ ഇഴുകിച്ചേർന്നതായിക്കാണാം.നശിച്ചുകൊണ്ടിരിക്കുകയും ശാഖോപശാഖകളായി വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന വർഗ്ഗങ്ങളിൽപ്പെടുന്ന ലക്ഷക്കണക്കിന് മനുഷ്യർകൂടി ഉൾപ്പെടുന്നതാണല്ലോ നമ്മുടെ ജനസമ്പത്ത്. പുരാതനനരവർഗ്ഗങ്ങളിൽ പെടുന്നവർക്ക് വിശ്വാസാചാരങ്ങളുടെ വെളിച്ചത്തിൽ പുരാണങ്ങളിലെ ഇതിഹാസപുരുഷന്മാരുമായി ബന്ധമുണ്ടെന്നു പറയാം. ഇതിഹാസപ്രപഞ്ചത്തിലെ അതിമാനുഷരുടെ വംശമാണെന്ന് അഭിമാനിക്കാത്ത ഗിരിവാസികളെ കാണുകയില്ല. ദക്ഷിണേന്ത്യയിലെ പുരാതനനരവർഗ്ഗക്കാർ പുരാണങ്ങളിൽ വർണ്ണിക്കപ്പെട്ടവരാണെന്നുകൂടി ഭാവനാശാലികളായ ചരിത്രസാഹിത്യകാരന്മാർ സമർത്ഥിക്കാറുണ്ട്.

ദക്ഷിണേന്ത്യൻപുരാവൃത്തത്തിൽ താവളമുറപ്പിച്ചിരിക്കുന്ന ഒരു വർഗ്ഗമാണത്രെ തെലുങ്കുനാട്ടിലെ ലമ്പാടികൾ. ബാലിസുഗ്രീവന്മാരുടെ പിന്തുടർച്ചക്കാരാണെന്ന് അവകാശപ്പെടുന്ന ലമ്പാടികൾ അപരിഷ്കൃതങ്ങളായ ആചാരങ്ങളെ മുറുകെപ്പിടിക്കുന്നവരാണ്. കേരളത്തിലെ നായാടികളെപോലെയോ, കുറവരെപോലെയോ ബഹിഷ്കരിക്കപ്പെട്ട വംശജരാണെന്ന് ലമ്പാടികൾ പറയുകയില്ല. കഴിഞ്ഞ കാലഘട്ടങ്ങളിലെ കാനേഷുമാരികണക്കെഴുത്തിലും, നരവംശപഠനസർവ്വേയിലും ലമ്പാടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി സൂചിപ്പിച്ചിരിക്കുന്നു. ലമ്പാടികൾ ആന്ധ്രയിലും മൈസൂരിലും തമിഴ്നാട്ടിലും, കുഗ്രാമങ്ങളിലും മലയോരങ്ങളിലും നിവസിക്കുന്നു. ലമ്പ്യാണി, ബ്രിഞ്ചാരി, ബാലാവുലു എന്നീപേരുകളിലും ഈ വർഗ്ഗം അറിയപ്പെടുന്നു. അലിഖിതമായ ഗാനസമ്പത്തും ആചാരക്രമങ്ങളും ലമ്പാടികൾ പരിരക്ഷിക്കുന്നുണ്ട്. വടക്കൻആർക്കാടിലും, അനന്തപൂരിലും ഏതോ നവാബുമാരുടെ കാലത്ത് മതം മാറിയ ലമ്പാടികളെ കാണുന്നുണ്ട്. പക്ഷെ മുസ്ലീം ആചാരക്രമങ്ങൾ അവർ അംഗീകരിച്ചുകാണുന്നില്ല. ശുദ്ധലമ്പാടികളുടെ വർഗ്ഗവുമായി തെറ്റിപ്പിരിഞ്ഞവരേയും കാണാം. ജീവിതക്രമങ്ങളിൽ ലമ്പാടികൾ അനുവർത്തിക്കുന്ന ആചാരങ്ങൾ ഇതരരിൽനിന്ന് വ്യത്യസ്ഥമാണ്.

**വിവാഹാചാരം**

കന്നുകാലി സമ്പത്തുള്ള ലമ്പാടി വിവാഹിതനാകുന്നുവെങ്കിൽ സ്ത്രീധനം കാളയായിരിക്കും. വധുവിന്റെ വീട്ടുകാർക്ക് വരനാണ് വിവാഹധനമായി കാളകളെ കൊടുക്കേണ്ടത്. കൂടുതൽ മൃഗങ്ങളെ നൽകിയിട്ടുണ്ടെങ്കിൽ ഒരു കാളയുടെ പിന്നാലെ വധു വരന്റെ വീട്ടിൽ വന്നുകയറും. ബ്രാഹ്മണർക്ക് വിവാഹകാര്യങ്ങളിൽ പ്രാമുഖ്യമുണ്ടെങ്കിലും അവരെ ലമ്പാടിവനിതകൾ ദേഹോപദ്രവം ഏല്പിക്കുമെന്നാണ് നരവംശശാസ്ത്രജ്ഞനായ തെഴ്സ്റ്റൻ പറയുന്നത്. വിഹാഹം കഴിഞ്ഞാൽ കർമ്മം നടത്തിയ പുരോഹിതബ്രാഹ്മണനെ സ്ത്രീകൾ കൈകൊണ്ട് കുത്തി വേദനിപ്പിക്കും. വേദനകൊണ്ട് പുളയുന്ന ബ്രാഹ്മണന് പ്രതിഫലമായി പണം നല്കും. ഈ യാതനാവേതനത്തിനായി പുരോഹിതൻ എന്തു ത്യാഗവും സഹിക്കും; ശബ്ദായമാനമായ അന്തരീക്ഷത്തിൽ വിവാഹം കഴിഞ്ഞാൽ സർപ്പ പ്രീതിക്കായി ചില കർമ്മങ്ങൾ നടത്തും. ദമ്പതികളെ മുറിയിലടച്ച് കാവൽനില്ക്കുന്ന പുരോഹിതനും, ലമ്പാടിവനിതകൾക്കും സദ്യകൊടുക്കുന്നു. മൈസൂരിലെ ലമ്പാടികൾ ബാലിസുഗ്രീവന്മാരുടെ വംശചരിത്രഗാനം ചൊല്ലിതീർന്നാണ് വിവാഹം കഴിക്കുന്നത്. കാളയുടെ പുറത്ത് വിവാഹയാത്രപുറപ്പെടുന്ന സ്ത്രീ ശോകപര്യവസായിയായ വിടവാങ്ങൽ ഗാനമാലപിക്കുന്നു. ഒന്നിലധികം വിവാഹം കഴിക്കുന്നത് കുറ്റകരമായ ഒരു കാര്യമല്ല. വിവാഹമോചനം നേടിയ സ്ത്രീക്ക് മറ്റൊരാളെ സ്വീകരിക്കാം. വിധവാവിവാഹം നടപ്പുണ്ടെങ്കിലും സമുദായത്തിൽ അവരുടെ സ്ഥാനം പിൻപന്തിയിലായിരിക്കും. ജാരസംസർഗ്ഗംകൊണ്ടുണ്ടായ കുട്ടികളെ 'ഊരിൽ' പുരോഹിതബ്രാഹ്മണർ വളർത്തും. ഭർത്താവിന്റെ വിവാഹച്ചിലവ് നൽകിയാൽ ഭാര്യയെ മറ്റൊരാൾക്ക് കൊണ്ടുപോകാം. കുടുംബബന്ധം ഭദ്രമായി നിലനിർത്തണമെന്ന നിർബന്ധം ലമ്പാടികൾക്കില്ല. വിവാഹത്തിന്റെ പേരിൽ നിരവധി പാഴ്ചെലവുകൾ ലമ്പാടികൾക്കുണ്ട്. വിശ്വസിക്കുന്ന ദേവതകളേയും, ദേവന്മാരേയും പ്രീണിപ്പിക്കാൻ വലിയ സദ്യകൾ നടത്തുകയും, യാഗം കഴിക്കുകയും ചെയ്യും. എന്നാൽ മാത്രമെ ദാമ്പത്യജീവിതം സുഖപ്രദമായി തീരുകയുള്ളുവത്രെ. ഇത്തരം കാര്യങ്ങൾക്ക് യഥാർത്ഥ പുരോഹിതബ്രാഹ്മണനെ കിട്ടിയില്ലെങ്കിൽ ലമ്പാടികളിൽ ഒരാൾ പൂണുനൂൽ ധരിച്ച് ഒരു പുരോഹിതനാകും.

**മരണചടങ്ങുകൾ**

ലമ്പാടിവർഗ്ഗത്തിൽ ഒരാൾ മരിച്ചാൽ ഗ്രാമം മുഴുവനും തൽസംബന്ധമായ ചടങ്ങിൽ ഭാഗഭാക്കാകും. വിവാഹിതരുടെ ശവം ദഹിപ്പിക്കുന്നു. മരണാനന്തരകർമ്മങ്ങൾക്കായി പാഴ്ച്ചെലവുകൾ ചെയ്യാറില്ല. ജേഷ്ഠസഹോദരനാണ് മരിച്ചതെങ്കിൽ വിധവയെ അനുജൻ വിവാഹം കഴിക്കണം. അതിലുണ്ടാകുന്ന സന്താനങ്ങൾ ജേഷ്ഠന്റെ പേരിൽ വളരുന്നു. ബാലിയുടെ വിധവയെ സുഗ്രീവൻ വിവാഹം കഴിച്ചതുകൊണ്ടാണ് ഇക്കാര്യത്തിൽ നിർബന്ധമുള്ളതെന്നാണ് പറയപ്പെടുന്നത്. നഗ്നരായി ഉറങ്ങുന്നവരാണ്. ലമ്പാടികൾ. സ്ത്രീകൾ പുരുഷന്മാരുടെ വസ്ത്രമെല്ലാം അഴിച്ചുവാങ്ങുന്നു. അങ്ങിനെയായാൽ അവരുടെ രാത്രിയാത്ര കുറയുമെന്നും പിശാചിന്റെ ഉപദ്രവം നീങ്ങുമെന്നും കരുതുന്നു. ലമ്പാടികളിൽനിന്നും ജാതിഭ്രഷ്ട്കൊണ്ട് പുറത്താക്കപ്പെട്ട ലിംഗ വന്ന് ഉപജാതിയുടെ ശവം ഇരുത്തികുഴിച്ചിടുന്നു. പൌരോഹിത്യത്തെ അന്ധമായി ആരാധിക്കുന്ന ലിംഗവനർ പുരോഹിതന്റെ പാദങ്ങൾ കഴുകി വെള്ളം കുടിക്കും. മരിക്കാറായ രോഗിക്ക് ഈ വെള്ളം പാപദോഷത്തിന് നല്ലതാണെന്നവർ വിശ്വസിക്കുന്നു. ശിവഭക്തരായിട്ടാണ് ഇവർ അറിയപ്പെടുന്നത്. ലമ്പാടികളുമായി കുറെ കാലങ്ങളായി ഇവർക്ക് വിവാഹബന്ധങ്ങളില്ല. മരിച്ചുകഴിഞ്ഞാൽ സദ്യ നടത്തുന്നു. മരിച്ചയാൾ കൈലാസത്തിലേക്ക് യാത്രയായെന്നാണ് വിശ്വാസം. ലമ്പാടികളുടെ ദാസ്യവൃത്തി ചെയ്യുന്ന ഉപജാതിയായ രാവുലു മരിച്ചാൽ മത്സ്യം കൂട്ടിയുള്ള സദ്യയുണ്ടാകും. ഭർത്താവിന്റെ മരണത്തോടുകൂടി വിവാഹമോചനവുമായി. ലമ്പാടികൾക്ക് സ്വത്തവകാശക്രമങ്ങൾ പലതരത്തിലാണ്. ഭർത്താവിന്റെ സ്വത്തിന് ഭാര്യക്ക് അവകാശമുണ്ടെങ്കിലും ഭാര്യയുടെ സ്വത്തിന് ഭർത്താവിന് അവകാശമില്ല. വിധവയായി കഴിഞ്ഞാൽ മറ്റൊരു വിവാഹത്തിന് അവൾ പൂർവ്വകാലസ്വത്ത് കരുതിവയ്ക്കും. ഭർത്താവ് മരിച്ചാൽ കെട്ടുതാലി പൊട്ടിച്ചെറിഞ്ഞാൽ ബന്ധം വിട്ടു. ആർക്കാട്ട് നവാബ് എല്ലാ ലമ്പാടികൾക്കും ഓരോ കാളയെ ദാനം ചെയ്തതായി പറയുന്നു. വിവാഹചടങ്ങിൽ നവാബിന് സ്തുതി പറയുന്ന ലമ്പാടികളുണ്ട്. മരിച്ചുകഴിഞ്ഞാൽ പുരോഹിതൻ ജനക്കൂട്ടത്തിൽവച്ച് ആത്മാവിനെ ഭസ്മരൂപത്തിൽപറപ്പിച്ചുകളയുന്നു. 'ഒരാൾ കുറഞ്ഞു' എന്ന മന്ത്രവും ജപിക്കുന്നു.

**ഗ്രാമഭരണം**

ബാലിസുഗ്രീവന്മാർ നൽകിയ ഭരണാധികാരം പാരമ്പര്യമായി നിലനിർത്തിയിരുന്ന ലമ്പാടികളുണ്ട്. ഒരു ഗ്രാമത്തിന് ഒരു തലവനും അതിനൊരു പഞ്ചായത്തും തെലുങ്കുദേശത്തു ലമ്പാടികളുടെ ഭരണക്രമത്തെ നിയന്ത്രിച്ചിരുന്നു. നവാബുമാരുടെ ഭരണം വന്നപ്പോൾ ഉണ്ടായിരുന്നെന്നു സങ്കല്പ്പിച്ചിരുന്ന ഭരണാധികാരം ലമ്പാടികൾക്ക് നഷ്ടപ്പെട്ടു. ഗ്രാമത്തിലുണ്ടാകുന്ന കുഴപ്പങ്ങൾക്ക് പരിഹാരം കാണുക, കളവിനു ശിക്ഷിക്കുക, കുറ്റങ്ങൾക്ക് ശിക്ഷയായി കന്നുകാലികളെ പിഴയെന്ന നിലയിൽ ഈടാക്കുക മുതലായ അധികാരങ്ങൾ ലമ്പാടി തലവനും ഭരണസമിതിക്കുമുണ്ടായിരുന്നു. അലിഖിതമായ ഭരണഘടനയാണവർക്കുള്ളത്. തിരഞ്ഞെടുപ്പിന്റെ ശല്യങ്ങളില്ലാത്ത ഭരണസമിതിയാണവരുടെ പരമാധികാരസഭ. ചില ഉപജാതികൾ ലമ്പാടികളുടെ ഗ്രാമങ്ങൾകൊള്ളചെയ്യാനെത്തിയാൽ ഗ്രാമത്തലവൻ കുഴൽ വിളിക്കുന്നു. അങ്ങനെ ആക്രമണത്തിൽ നിന്നും രക്ഷപെടാനുള്ള മുന്നേറ്റം സൃഷ്ടിക്കുന്നു. കന്നുകാലികളെ കട്ടുകൊണ്ടുപോകുന്നതാണ് പ്രധാന കളവ്. ക്ഷാമം വർദ്ധിക്കുമ്പോൾ ഗ്രാമാന്തരങ്ങളിൽ ഏറ്റുമുട്ടലുകൾ സാധാരണമാണ്.ഏതു സംഘട്ടനത്തിലും പുരോഹിതബ്രാഹ്മണന് രക്ഷനൽകാനുള്ള പൂർവ്വകാലനയം പ്രാബല്യത്തിലുണ്ട്.ലമ്പാടികളുടെ ആചാരക്രമങ്ങൾ അംഗീകരിക്കാത്ത ഉപജാതികൾ പലപ്പോഴും ഗ്രാമത്തലവന് അവരുടെ നിവേദനങ്ങൾ സമർപ്പിക്കാറുണ്ട്. സമാധാനപരമായ ഗ്രാമഭരണം നടപ്പിൽവരുത്തുന്നതിൽ ശ്രദ്ധാലുവായ പുരോഹിതൻ സങ്കടപരിഹാരാർത്ഥം കന്നുകാലികളെ അവർക്ക് വാങ്ങികൊടുക്കും.വർഷത്തിൽ ഒരു പ്രാവശ്യം ഗ്രാമത്തലവൻ പുരോഹിതനോടൊപ്പം അയൽഗ്രാമങ്ങളിലെ സുഖവും ക്ഷേമവും അന്വേഷിക്കാൻ പുറപ്പെടും. കളവു തൊഴിലാക്കിയിട്ടുള്ള ഉപജാതിതലവന്മാരെക്കണ്ട് സന്തോഷിക്കും. അങ്ങനെ ഭീഷണിപ്പെടുത്തുന്നവർക്ക് നികുതി അടച്ചാണ് ഗ്രാമഭരണം കൊണ്ടുപോകുന്നത്. ബാലി സുഗ്രീവന്മാരുടെ പേരിൽ ലഹളനടത്തി ലമ്പാടികളെ കൊല്ലിക്കുന്ന പഴയ സംമ്പ്രദായം ഗ്രാമത്തലവൻമാർ ഉപേക്ഷിച്ചു. ശാന്തമായ ഒരു അന്തരീക്ഷം ഗ്രാമത്തിലുണ്ടാക്കാനുള്ള പ്രേരണകൾ കഴിഞ്ഞ നൂറ്റാണ്ടിൽ തന്നെ രാജഭരണാധികാരികൾ അവർക്ക് നല്കി. മദ്രാസ് മ്യൂസിയത്തിന്റെ മേലുദ്യോഗസ്ഥനും നരവംശശാസ്ത്രജ്ഞനുമായിരുന്ന തെഴ്സ്റ്റൻ ലമ്പാടികളുടെ ഗ്രാമഭരണത്തെ ഇങ്ങനെയാണ് വിശേഷിപ്പിക്കുന്നത്. 'പുരാണപുരുഷന്മാരുടെ പേരിൽ ഗ്രാമഭരണം നടത്തിയ ലമ്പാടികൾ വെട്ടിയും കൊന്നും പ്രതാപം നിലനിർത്തിയിരുന്നതുകൊണ്ട് അവരുടെ ഗ്രാമഭരണത്തിൽ ഇടപെടേണ്ടി വന്നു. ശക്തന്മാരിൽ ഒരു ഭാഗം ഗ്രാമഭരണത്തിൽ നിന്ന് വേർപെട്ടു. അതോടെ ആചാരങ്ങളിലും കുറെ വ്യത്യാസം വരുത്തി. നല്ല ഗ്രാമഭരണം നടപ്പാക്കുന്നതിൽ അവർ ശ്രമിച്ചപ്പോൾ അവരെ അനുസരിക്കാനും ഗ്രാമീണർ തയ്യാറായി. പിന്നണിയിൽ നില്ക്കുന്ന പുരോഹിതനാണ് ഭരണത്തിന്റെ ഗതിയെ നിയന്ത്രിച്ചിരുന്നത്'. ആന്ധ്രായിലും തമിഴ്നാട്ടിലും മൈസൂരിലും ചിതറികിടക്കുന്ന ലമ്പാടികൾ ഒരുകാലത്ത് ഗ്രാമഭരണത്തിന് പേരെടുത്തവരായിരുന്നു. ഗിരിവാസികളുടെ മേലാധികാരം കൈയ്യടക്കിവച്ചിരുന്ന

ആന്ധ്രയിലെ ലമ്പാടികളെ മലയോരങ്ങളിൽ നിന്ന് അവർ തുരത്തി. ഹൈദരാലിയുടെ കാലത്ത് ലമ്പാടിവർഗ്ഗക്കാർ തങ്ങളുടെ അധികാരങ്ങൽ വീണ്ടെടുത്ത് തരണമെന്നഭ്യർത്ഥിച്ചിരുന്നു. നായ്ക്കന്മാർ എന്നറിയപ്പെടുന്ന പ്രതാപശാലികളെ വിളിച്ച് ലമ്പാടികൾക്ക് സ്വൈരജീവിതം നയിക്കാൻ സഹായസഹകരണം നൽകണമെന്നും ഹൈദർ കല്പിച്ചു. ഗ്രാമത്തിൽ ഒരു പ്രശ്നം വന്നുകഴിഞ്ഞാൽ പരിഹാരം കാണുന്നതിന് ഗ്രാമം മുഴുവനും ഇറങ്ങി തിരിക്കുന്നു. ആപത്തിൽ സ്ത്രീകൾ മുന്നണിയിൽ നില്ക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ വിധി കേൾക്കാൻ ലമ്പാടികൾ അബാലവൃദ്ധം സന്നിഹിതരാകും.

മഹാത്മജിയുടെ സഹപ്രവർത്തകനായിരുന്ന താക്കർ ബാപ്പാ ഗിരിവർഗ്ഗക്കാരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധിച്ചിരുന്നു. അദ്ദേഹം അന്വേഷിച്ചറിഞ്ഞ വിവരങ്ങൾ ഗാന്ധിജിയെ ധരിപ്പിക്കാറുണ്ടായിരുന്നു. ദക്ഷിണ ഇൻഡ്യയിൽ പര്യടനത്തിനെത്തിയ ഗാന്ധിജിയോട് താക്കർബാപ്പാ പറഞ്ഞതിതാണ്. 'ഹരിജനങ്ങളേക്കാൾ പിന്നോക്കം നില്ക്കുന്ന പുരാണവാസികളുടെ നില നന്നായാൽ മാത്രമെ രാജ്യം നന്നാവുകയുള്ളു. അപരിഷ്കൃതരായ ലമ്പാടിവർഗ്ഗക്കാരുടെ ഗ്രാമീണജീവിതവും വിശ്വാസങ്ങളും ഐക്യബോധവും പഠിക്കേണ്ട വിഷയങ്ങളാണ്. ലമ്പാടികളെപ്പോലെ നൂറുകണക്കിന് വർഗ്ഗക്കാരാണ് ദക്ഷിണേന്ത്യയിലുള്ളത്.അവരുടെ ജീവിതം നന്നാക്കുന്ന മാനസികമായ സമീപനം നടത്തണം.സേവനോത്സുകരായ മനുഷ്യസ്നേഹികൾക്കിറങ്ങിചെല്ലാൻ സാധിച്ചാൽ ലമ്പാടികൾപോലുള്ള വർഗ്ഗങ്ങളുടെ നില നന്നാക്കാം. ജാതികൾ ഇല്ലാതാക്കാനുള്ള ശ്രമം നടപ്പാക്കുന്നുണ്ടെങ്കിലും നിയമദണ്ഡുകൊണ്ട് അതു മുഴുവൻ വിജയിക്കുവാൻ പ്രയാസമായിരിക്കും. മനുഷ്യവർഗ്ഗത്തിലെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുമായി കൂടി കുഴഞ്ഞു കിടക്കുന്ന ഒരവസ്ഥയാണ് ജാതികളെ വികാരപരമായി നിയന്ത്രിക്കുന്നത്. ആ നിയന്ത്രണത്തിന് വിദ്യാഭ്യാസത്തിൻറേയും മാനസികവികാസത്തിന്റേയും വളർച്ചക്ക് അനുസരിച്ചേ അയവുവരികയുള്ളു. മനുഷ്യവർഗ്ഗത്തിലെ അവാന്തര വിഭാഗങ്ങളുടെ പ്രത്യേകതകൾ മാറുന്നതിന് അവരേയും അവരുടെ സംസ്കാരത്തേയും പറ്റി പഠിക്കാതെ തരമില്ല. നരവംശശാസ്ത്രസ്വഭാവത്തോടുകൂടിയ ആ പഠനം നമ്മുടെ രാജ്യത്ത് വളരണം. എന്നാൽ മാത്രമെ ഇൻഡ്യയിലെ മനുഷ്യവർഗ്ഗത്തിന്റെ നിമ്നോന്നത ഗ്രഹിക്കാൻ സാധിക്കയുള്ളു

# കക്കാലപുരാവൃത്തം

സമൂഹഘടനയുടെ പരിവർത്തനങ്ങൾക്കനുസരിച്ച് നശിച്ചുകൊണ്ടിരിക്കുന്ന നരവർഗ്ഗങ്ങളിൽപെട്ടതാണ് കേരളത്തിലെ കാക്കാലന്മാർ.ദക്ഷിണേന്ത്യയിലെ പുരാതന മാനുഷ്യവർഗ്ഗങ്ങളിൽപ്പെടുന്ന കാകയാന്മാരുടെ പൂർവ്വികരാണ് കാക്കാലന്മാരെന്ന് തെലുങ്കരും തമിഴരും വിശ്വസിക്കുന്നു. പ്രാകൃതാചാരങ്ങളെപുണർന്ന് നാടൊട്ടുക്കും അലക്ഷ്യമായി സഞ്ചരിക്കുന്ന കാക്കാലന്മാർ ദ്രാവിഡവർഗ്ഗപാരമ്പര്യം അവകാശപ്പെടുന്നവരാണെന്ന് നരവംശശാസ്ത്രജ്ഞന്മാർ പറയുന്നു. രാമനാട്ടുരാജാവിനാൽ ബഹിഷ്കരിക്കപ്പെട്ട ആ വംശമാണ് കക്കാലന്മാരുടെതെന്ന് ഗോദാവരി, വിശാഖപട്ടണം, കടപ്പ, കണ്ണൂർ എന്നീ ജില്ലകളിലെ ആദിവാസി പഠനറിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. കേരളത്തിലെ ചില ഭാഗങ്ങളിൽ കണ്ടുമുട്ടാറുള്ള കക്കാലന്മാർ ഇടക്കാലത്ത് തമിഴ്നാട്ടിൽ നിന്നും ആന്ധ്രയിൽ നിന്നും വന്നവരാണെന്ന് വ്യക്തമാണ്. കുറവൻ, വേടൻ, ഉള്ളാടൻ, ഊരാളി തുടങ്ങിയ ആദിവാസിവർഗ്ഗങ്ങളുടെ സാമൂഹ്യാചാരങ്ങളുമായി അഭേദ്യമായ ബന്ധമുള്ള കാക്കാലന്മാർ പുരാണങ്ങളിൽ വർജ്ജിക്കപ്പെട്ടിട്ടുള്ള വർഗ്ഗമാണെന്ന് ഒരു പക്ഷമുണ്ട്. വേടവേഷമണിഞ്ഞ് വള്ളിയോട് പ്രേമയാചന നടത്തുന്ന സുബ്രമണ്യൻ കാക്കാലരാജാവായിരുന്നെന്നുകൂടി ഐതീഹ്യമുണ്ട്. കാക്കാലന്മാരുടെ പാരമ്പര്യം എന്താണെന്നു ചോദിച്ചാൽ വള്ളിയമ്മചരിത്രം അവൻ പരത്തി പറഞ്ഞഭിമാനിക്കും. കാക്കയെ പിടിക്കുന്നവരായതുകൊണ്ടാണ് മലയാളക്കരയിൽ കാക്കാലന്മാർ എന്നറിയപ്പെടുന്നതെന്ന് അനുമാനമുണ്ട്. പക്ഷെ ദക്ഷിണേന്ത്യയിലൊട്ടുക്കു 'കാക്കാലർ' എന്ന പേരിൽ തന്നെയാണവർ അറിയപ്പെടുന്നത്.

മദ്രാസ് മ്യൂസിയം മേലുദ്യോഗസ്ഥനും നരവംശശാസ്ത്രജ്ഞനുമായിരുന്ന തെഴ്സ്റ്റൻ മലയാളക്കരയിലെയ 'ദക്ഷിണേന്ത്യയിലെ ജാതികൾ' എന്ന ഗ്രന്ഥത്തിൽ കാക്കാലന്മാരെ പറ്റി പറയുന്നതിങ്ങനെയാണ്:-

"കാതുകുത്തുക, കൈനോക്കുക, കാക്കയെ പിടിക്കുക എന്നിവയാണ് മുഖ്യപ്രവൃത്തി. ഒരു കാക്കാലന് പന്ത്രണ്ടുവരെ ഭാര്യമാരുണ്ടാകാം. പണം, വെറ്റില, അടയ്ക്ക, അരി മുതലായ സാധനങ്ങൾ മണവാളന്റെ ഭാഗക്കാർ പന്തലിൽ എത്തിക്കണം. തിരണ്ടാൽ ഒരാഴ്ച ആഘോഷമുണ്ട്. വിധവയെ ഭർത്തൃസഹോദരന്മാർക്കെടുക്കാം.സ്ത്രീകൾ പുരുഷന്മാരെ പോറ്റുന്ന സംമ്പ്രദായവും ഇവരിലുണ്ട്."തെഴ്സ്റ്റന്റെ അഭിപ്രായത്തിൽ കാക്കാലന്മാർ നായാടിവംശത്തിൽപെട്ടവരാണെന്നാണ്. പുരാണവേദങ്ങൾ ഈണത്തിൽ പാടുന്ന മലനാട്ടുകുറവന്മാരുടെ വർഗ്ഗവുമായി കാക്കാലന്മാർക്ക് ബന്ധമുണ്ടെന്നുകാണാം. കാക്കാലന്മാരുടെ കുലകന്യകകൾ വീടുതോറും നടന്ന് "പാക്യലക്ഷണം" പറയുന്നരീതി ഏറെക്കുറെ കുറവരിൽ നിന്ന് പകർത്തപ്പെട്ടതാണ്. തമിഴ്നാട്ടിലും ആന്ധ്രയിലും കാക്കാലന്മാർ വള്ളിയമ്മചരിത്രം പാടി നൃത്തം വെയ്ക്കുന്നു. കേരളത്തിലെത്തിയപ്പോൾ കാക്കാലത്തി കൈനോട്ടക്കാരിയായി മാറി. അവരുടെ കൈനോട്ടത്തിനു നിദാനം വള്ളിയമ്മയുടേയും സുബ്രമണ്യന്റേയും മുഖലക്ഷണങ്ങളും സൌഭാഗ്യജീവിതവുമാണ്. കാക്കാല കൈനോട്ടത്തിന് അലിഖിതപ്രമാണങ്ങളുണ്ട്. ദക്ഷിണേന്ത്യൻ രാജാക്കന്മാരുടെ അന്തഃപുരങ്ങളിൽ പ്രവേശിക്കാൻ അനുമതി ഉണ്ടായിരുന്നു കാക്കാലന്മാർക്ക്. ജാലവിദ്യ, നൃത്തം, ഞാണിന്മേൽ കളി, മന്ത്രവാദം എന്നിവയിൽ വൈദഗ്ദ്ധ്യമുണ്ടായിരുന്നു. പെരുമാൾഭരണശേഷം തമിഴ്നാട്ടിൽനിന്ന് കേരളത്തിലേക്ക് പ്രവഹിച്ച ആദിവാസികളിൽ കാക്കാലന്മാരും ഉൾപ്പെടുന്നു. ചിലർ മലകളിൽ കയറിക്കൂടിയപ്പോൾ മറ്റു ചിലർ ആശാരിയായും മൂശാരിയായും, നായാട്ടുകാരായും പിരിഞ്ഞുപോയി. മലബാറിലെ പെരുമ്പടപ്പുമന്നനും തിരുവിതാംകൂറിലെ ചെമ്പകശ്ശേരി രാജാവും തമിഴ്നാട്ടിലെ ആദിവാസികൾക്ക് ജീവിതസൌകര്യങ്ങൾ നൽകിയവരായി പറയപ്പെടുന്നു. കാക്കാലന്മാർക്ക് ഒരു രാജാവും ഭരണകൂടവും ഉണ്ടായിരുന്നെന്നു പറയുന്നു. കുറവന്മാർക്ക് ഒരു രാജാവ് തെക്കൻതിരുവിതാംകൂറിലുണ്ടായിരുന്നെന്ന് ചരിത്രപ്രസ്താവനകളുണ്ടല്ലോ? കേരളത്തെ സംബന്ധിച്ച് കാക്കാലന്മാർ അവകാശപ്പെടുന്ന രാജാവും ഇതുതന്നെ ആയിരിക്കാം.

കാക്കാലവർഗ്ഗം ഭിന്നഗ്രൂപ്പുകളായി മദ്ധ്യതിരുവിതാംകൂറിലും, മലബാറിലും സഞ്ചിതുന്നൽ, കൈനോട്ടം, ഞാണിന്മേൽകളി തുടങ്ങിയ തൊഴിലുകളുമായി അലഞ്ഞുതിരിയുകയാണ്. മലബാർ ഭാഗങ്ങളിൽ പുള്ളുവന്മാരെന്നപേരിലും കാക്കാലന്മാർ അറിയപ്പെടുന്നുണ്ട്. പുള്ളവന്മാർ ഉത്സവസ്ഥലങ്ങളിൽ ഈണത്തിൽ പാട്ടുപാടി നാഗാരാധന നടത്തും. പുള്ളുവരെക്കൊണ്ട് സർപ്പപ്പാട്ടുപാടിച്ച് സംതൃപ്തിനേടുന്നവർ ഭക്തജനങ്ങളിൽ വളരെപ്പേരെകാണും, പുള്ളുവനും പാണനും കാക്കാലവർഗ്ഗത്തിലെ ഉപജാതികളാണ്. ചെണ്ടകൊട്ടുന്നതിലും മനോഹരമായി കളം വരയ്ക്കുന്നതിലും പുള്ളുവരും പാണരും വിദഗ്ദ്ധരാണ്. ജീവിതം മുഴുവനും പാടിയും കളം വരച്ചും കഴിച്ചുകൂട്ടുന്ന പ്രാചീനവർഗ്ഗങ്ങളിൽപെട്ട ഇവർക്ക് ക്ഷേത്രങ്ങളിൽ ചില സ്ഥലങ്ങളിൽ സ്ഥാനങ്ങളുണ്ട്. നാട്ടുകാക്കാലന്മാരിൽ ചിലർ നിലമ്പൂർ ഭാഗങ്ങളിൽ കുരങ്ങിനെ പിടിക്കുവാൻ ഒരു കാലത്ത് നിയോഗിക്കപ്പെട്ടിരുന്നു. പക്ഷികളേയും മൃഗങ്ങളേയും

നിഷ്പ്രയാസം ബന്ധിക്കാൻ സാധിക്കുന്ന കാക്കാലന്മാർതൊട്ട വസ്തുക്കൾ മേൽജാതിക്കാർ ഉപേക്ഷിച്ചിരുന്നു. വെള്ളകാക്കാലന്മാരെ ആനപിടുത്തത്തിന്നും ആനയെ പരിശീലിപ്പിക്കുന്നതിന്നും മൈസൂരിലും മലബാറിലും ഉപയോഗപ്പെടുത്തിയിരുന്നു. 1891-ലെ കാനേഷുമാരി റിപ്പോർട്ടുപ്രകാരം കാക്കാലന്മാർ അവാന്തരവിഭാഗങ്ങളിൽ ലയിച്ചുവരുന്നതായി ചൂണ്ടിക്കാണിച്ചിരുന്നു. പക്ഷെ കൂട്ടം കൂട്ടമായും ഒറ്റയായും തെലുങ്കുരാജ്യങ്ങളിലും തമിഴ്നാട്ടിലും കേരളത്തിലും അവർ ആയിരക്കണക്കിനുണ്ടായിരുന്നു. കാക്കാലന്മാരിൽ പ്രയത്നശാലികളായ ഒരു വിഭാഗം 'കുളംകോരികൾ' എന്ന പേരിലറിയപ്പെട്ടിരുന്നു. കേരളത്തിലെ കാക്കാലവർഗ്ഗത്തിൽ മറവൻ, പുള്ളുവൻ, പാണൻ, കുളംകോരി തുടങ്ങിയ പത്ത് ഉപജാതികളുണ്ടെന്നു കാണാം. ഇവരുടെ ജാത്യാചാരങ്ങൾക്ക് വലിയ വ്യത്യാസങ്ങൾ കാണുകയില്ല. പുലയനും, വേട്ടവനും, പണിയനും തമ്മിൽ കാണുന്ന ചില വ്യത്യാസങ്ങൾ കണ്ടെന്നുവരാം. പ്രാകൃത തെലുങ്കും തമിഴും തുളുവും സംസാരിക്കുന്ന കാക്കാലന്മാർ തീവ്രശ്രമങ്ങൾ നടത്തി കാലയാപനം ചെന്നവരാണ്. മലബാറിലെ ആദ്യകാല സർക്കസ് അഭ്യാസികൾക്ക് കാക്കാലന്മാരുടെ സർക്കസ് വിദ്യകളാണ് മാതൃകയോഗ്യമായി തോന്നിയതെന്ന് സർക്കസ് ഗുരുക്കന്മാർ പറയുന്നു. റോഡരുകിൽ മഞ്ഞും മഴയും വെയിലും ഒരു വിഘ്നമായി കണക്കാക്കാതെ കാക്കാലൻ ഇന്നും ഒരു കലവും ചട്ടിയുമായി സ്ഥലം പിടിക്കും. രാജ്യത്ത് വരുന്ന ഭൌതിക മാറ്റങ്ങൾ നോക്കിക്കണ്ടു കഴിയുന്ന കാക്കാലന്മാർ കേരളത്തിലെ മറ്റു ജനതയോടൊപ്പം വിദ്യയഭ്യസിക്കാനോ ഉയരാനോ ആഗ്രഹിക്കുന്നില്ല. വള്ളിയമ്മയുടെ പുരാണവും ചൊല്ലി കലികാലത്തെപ്പഴിച്ച് അവർ നീങ്ങുകയാണ്. കാക്കാലമുത്തശ്ശന്മാരെ കണ്ടാൽ അവർക്കിന്നത്തെ പരിഷ്കാരം അത്ര പിടിക്കുന്നില്ലെന്ന് അവർ പറയും. ചുട്ടികുത്തി അംഗലാവണ്യം വരുത്തിയ കാക്കാലത്തി പുതിയ കൈരേഖാശാസ്ത്രകാരന്മാരെ പഴി പറഞ്ഞ് മുഖം വീർപ്പിക്കും. പക്ഷികളെയിണക്കി കൂട്ടിലാക്കി ഭാഗ്യം പരീക്ഷിക്കുവാൻ കിളികൂടുമായി നടക്കുന്ന കാക്കാലനിന്ന് പഴയകാലപ്രതാപം അയവിറക്കുകയാണ്. ജനങ്ങളുടെ വിചാരമണ്ഡലം യുക്തിപൂർവ്വം വികസിക്കുന്നതോടൊപ്പം കാക്കാലന്റെ പാരമ്പര്യ അവകാശങ്ങളും തൊഴിലും പിൻതള്ളപ്പെടുന്നു. കാക്കാലത്തി ഭിക്ഷാടനത്തിനായി തിരിയാൻ നിർബന്ധിക്കപ്പെടുന്നു. നൂറ്റാണ്ടുകൾക്ക്മുമ്പു ഒരു സുവർണ്ണകാലത്തിന്റെ സൌഭാഗ്യസന്തതികളായി ജീവിച്ചിരുന്ന ഒരു ജനതയുടെ പിന്തുടർച്ചക്കാരാണ് കാക്കാലന്മാർ. സഞ്ചരിക്കുന്ന ഈ വർഗ്ഗം സംസ്കാരകേദാരങ്ങളിൽ നിന്ന് ഇറങ്ങിതിരിച്ചവരാകാം. ചെങ്കോലിന്നുവേണ്ടി നടന്ന സംഘട്ടനങ്ങളിൽ പരാജയപ്പെട്ട് അഭയാർത്ഥികളായി നാടുവിട്ടവരാകാം. ഇൻഡ്യയിലെ ഒരു കോടിയിൽ താഴെ വരുന്ന ആദിവാസികളിൽപ്പെട്ട കാക്കാലന്മാർ ലളിതചിത്തരും കലാകുതികികളുമാണ്. സംഘടിതയത്നത്തിന്റെ അഭാവംകൊണ്ട് കാക്കാലകലാസങ്കേതം അവഗണിക്കപ്പെട്ടതാണ്. പരിഷ്കാരത്തിന്റെ മുകൾപരപ്പിലൂടെ അതെന്താണെന്നു ഗ്രഹിക്കാതെ പദയാത്ര നടത്തി ഒറ്റ തിരിഞ്ഞ് നശിച്ചുകൊണ്ടിരിക്കുന്ന കാക്കാലന്മാർ അവരുടെ നഷ്ടപ്പെട്ട കാലം വീണ്ടെടുക്കുമെന്നും തോന്നുന്നില്ല.

# ആദിവാസികൾ

നരവംശശാസ്ത്രപഠനത്തിൽ താല്പര്യമുള്ളവർക്ക് കൌതുകമുളവാക്കുന്ന നിരവധി വർഗ്ഗങ്ങളും ഉപജാതികളും ഇരുണ്ട നൂറ്റാണ്ടിലെ ആചാരങ്ങളുമായി ഇന്നും നമ്മുടെ ഇൻഡ്യയെ അധിവസിക്കുന്നുണ്ട്. അവരുടെ ഇരുളടഞ്ഞ മനോഗുഹകളിൽ പുതിയ സാമൂഹ്യപരിവർത്തനത്തിന്റെ വെളിച്ചം പകർന്നുകൊടുക്കാൻ കഴിയാത്ത കാലത്തോളം ജനാധിപത്യത്തിൽ വികാരപരമായ ഐക്യമോ വിചാരപരമായ ഉൽകർഷമോ പൂർണ്ണമായി ഉണ്ടാകുമെന്ന് ആശിക്കാൻ നിർവാഹമില്ല. ഭൂരിപക്ഷ പിന്നോക്കസമുദായങ്ങൾ അവകാശങ്ങൾ നേടി മുന്നണിയിലെത്തിയാലും പിന്നേയും പിന്നണിയിൽ കിടക്കുന്ന ജനലക്ഷങ്ങൾ ഇൻഡ്യയിൽ കാണാം.അവരാണ് ഹിമാലയപ്രദേശങ്ങളിലും ആസാം മലയിടുക്കുകളിലും രാജസ്ഥാനിലും അധിവസിക്കുന്ന ആദിവാസിവർഗ്ഗങ്ങൾ. അവരുടെ സംഖ്യ ഒരു കോടിയോളം വരുമെന്ന് കണക്കാക്കപ്പെടുന്നു. മനുഷ്യവർഗ്ഗശാസത്രത്തിൽ തല്പരരായ തെഴ്സ്റ്റനും മോർഗനും അനന്തകൃഷ്ണയ്യരുമാണ് ആദിവാസിവർഗ്ഗങ്ങളുടെ അത്ഭുതജീവിതത്തെപ്പറ്റി പ്രതിപാദിച്ച ആദ്യകാലഗവേഷകന്മാർ. ചരിത്രവും പുരാതനവസ്തുപഠനവും അല്പം പുരോഗമിച്ചെങ്കിലും ചരിത്രവിജ്ഞാനത്തിന്റെ അവിഭാജ്യഘടകമായ നരവംശപഠനം വേണ്ടത്ര പുരോഗമിച്ചില്ല. സാഹസികരായ വിജ്ഞാനദാഹികളുടെ അക്ഷീണയത്നത്തിന് മാത്രമാണ് വനാന്തരവർഗ്ഗങ്ങളെപ്പറ്റി പഠനം നടത്താൻ കഴിയുക. ദക്ഷിണേന്ത്യയിൽതന്നെ നൂറിലധികം ആദിവാസിവർഗ്ഗങ്ങളുണ്ട്. അവയിൽ വംശാധപതനം വന്നുകൊണ്ടിരിക്കുന്ന വിഭാഗങ്ങളിൽപെട്ടതാണ് ആന്ധ്രയിലെ വാലരും, ബൊന്തുക്കരും, യേനാദികളും വടുകനും മറ്റും. ചില വർഗ്ഗങ്ങൾ കുലത്തൊഴിലിൽനിന്നു വേർപെട്ട് മറ്റുള്ളവരിൽ ലയിക്കുകയോ കടുത്ത അനാചാരംകൊണ്ട് സ്വയം നശിക്കുകയോ ചെയ്യുന്നു. പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ ഗ്രാമഭരണത്തിൽ സ്ഥാനവലിപ്പമുണ്ടായിരുന്നവരും 1921 ലെ കണക്കെടുപ്പിൽ നശിച്ചുതുടങ്ങിയതായിക്കണ്ടു. എന്നാലും ആയിരത്തിലധികം ആദിവാസിവർഗ്ഗം ഇൻഡ്യയിൽ അവശേഷിക്കുന്നു.

**മാലർ**

ആന്ധ്രയിലെ അധഃകൃതവർഗ്ഗത്തിൽപ്പെട്ട അന്ധവിശ്വാസികളാണ് മാലർ. പശുവിന്റേയും എരുമയുടേയും മാംസം ഭക്ഷിക്കുന്ന മദ്യപാനവർഗ്ഗമെന്നാണ് തെഴ്സ്റ്റൻ ഇവരെ വിശേഷിപ്പിക്കുന്നത്. കാർഷികവൃത്തിയിലേർപ്പെട്ടിട്ടുള്ള മാലർ ശവംതീനികളാണെന്ന് പറയുന്നവരുമുണ്ട്. ഒരു പ്രാകൃതവർഗ്ഗത്തന്റെ ആചാരങ്ങളനുഷ്ഠിക്കുന്ന മാലർ ജനനസമയത്ത് ക്ഷുദ്രജീവികളെ നായാടുന്നു. കുട്ടിയുടെ അവയവങ്ങളിൽ സൂചി പഴുപ്പിച്ച് ചൂടുവയ്ക്കുകയും ചെയ്യുന്നു. പ്രസവിച്ച സ്ത്രീക്ക് ഏഴുദിവസം ചൂടുവെള്ളം മാത്രം നൽകുന്നു. ഗർഭിണിയുടെ കൈയ്യിൽ ഇരുമ്പിന്റെ ആയുധം പിടിപ്പിക്കും. സുഖപ്രസവമാണെങ്കിൽ വെറ്റില ഉഴിഞ്ഞുകൊടുക്കും. അസുഖപ്രസവമാണെങ്കിൽ തണുത്ത വെള്ളം കോരിയൊഴിച്ച് താപം തീർക്കും. പെൺകുഞ്ഞാണെങ്കിൽ ചുണ്ടും താടിയും നിലത്തുരച്ച് പാപം തീർക്കും. സ്ത്രീകൾക്ക് മുഖത്ത് രോമം വരാതിരിക്കുന്നത് ഈ ഉരയ്ക്കൽകൊണ്ടാണെന്ന് മാലർ വിശ്വസിക്കുന്നു. വിവാഹത്തിന് പെണ്ണിനെ തിരഞ്ഞെടുക്കാൻ അമ്മാവനാണ് അധികാരം. മണവാളൻ നഖവും കൺപീലികളും പുരികവും മുറിച്ച് കയ്യിൽ സൂക്ഷിക്കുന്നു. വിവാഹവേളയിൽ ഒരു ചെമ്പ് നാണയുകൂടി വറുത്ത അരിയിൽ കൂട്ടി കുഴച്ച് മണവാളനും മണവാട്ടിയും അല്പം രുചി നോക്കുന്നു. ഈ ക്രീയ നടത്തുന്നത് പുരോഹിതനാണ്. നൂറ്റൊന്നിഴയുള്ള മഞ്ഞൾ പുരട്ടിയ നൂല് താലിയായി കെട്ടുന്നു. ദമ്പതികളുടെ ശരീരത്തിൽ ഗ്രാമവാസികൾ പാൽ തളിക്കുന്നതോടെ വിവാഹം അംഗീകരിക്കപ്പെട്ടതായി പുരോഹിതൻ പ്രഖ്യാപിക്കുന്നു. വിവാഹസദ്യയെന്നറിയപ്പെടുന്ന 'ഭ്രമല്ല' എന്ന ചടങ്ങിൽ കലഹം പൊട്ടിപ്പുറപ്പെടാറുണ്ട്. കലഹമില്ലാതിരിക്കാൻ സദ്യവിളമ്പുന്ന സമയത്ത് വീട്ടുകാർ പുരോഹിതനെ കണക്കറ്റു പ്രീതിപ്പെടുത്തണം. ബഹുഭാര്യാത്വം സാധാരണമാണെങ്കിലും സ്ത്രീക്ക് രണ്ടാം വിവാഹം പാടില്ല. ദാസിയായി കഴിയാം. 'പുടവട്ട' എന്നറിയപ്പെടുന്ന വിധവാവിവാഹം സാധാരണയാണ്. മരിച്ചാൽ ശവത്തിന്റെ വാപിളർന്ന് വെറ്റില നിറച്ചുവയ്ക്കും. മരിച്ചയുടൻ ചെവിയും കണ്ണും മൂടികെട്ടും. മരിച്ചാൽ പുരോഹിതൻ ആദ്യം വിഭവസമൃദ്ധമായ സദ്യ കഴിച്ച് ചടങ്ങുകൾ ആരംഭിക്കും. ശവത്തിന്റെ കാലിൽ പുരോഹിതൻ ആദ്യം വിഭവസമൃദ്ധമായി സദ്യ കഴിച്ച് ചടങ്ങുകൾ ആരംഭിക്കും. ശവത്തിന്റെ കാലിൽ പുരോഹിതൻ ഒഴിക്കുന്ന വെള്ളം കുടത്തിൽ സംഭരിച്ച് ഏറെ നാൾ വീട്ടിൽ സൂക്ഷിക്കും. വ്യഭിചാരം ശിക്ഷാർഹമാണെങ്കിലും ഗ്രാമത്തലവനും പുരോഹിതനും പ്രയശ്ചിത്തം ചെയ്യിച്ചാൽ അവളെ ദാസിയായി പുറന്തള്ളും. മക്കത്തായികളായ മാലർ പിതൃസഹോദരികളേയും വിവാഹം കഴിക്കും. ചില ജാത്യാചാരങ്ങൾ കാരണം മാലർ തെലുങ്കനാട്ടിൽ ഒറ്റപ്പെട്ടുകഴിയുന്നു.

**ബൊന്തുക്കാർ**

കൃഷ്ണ ഗോദാവരി തീരങ്ങളിൽ മത്സ്യം പിടിച്ചു കഴിയുന്ന ബൊന്തുക്കാർ പന്നിമാംസം വിശിഷ്ടാഹാരമായി കരുതുന്ന ആദിവാസി വർഗ്ഗമാണ്. വിവാഹാടിയന്തിരത്തിന് പന്നിയെ വെട്ടി മണവാളൻ മണവാട്ടിയുടെ വസതിയിലെത്തിക്കണം. പന്നിച്ചോരയിൽ പിച്ചളനാണയം മുക്കി ഗ്രാമത്തലവന്റെ നേതൃത്വത്തിൽ പൊതു സ്ഥലത്തുവച്ച് കൈമാറുന്നതോടെ വിവാഹാഘോഷമായി. സ്ത്രീധനത്തിന്റെ ഒരോഹരി 'ബാപ്പാടി'യെന്ന ഗ്രാമത്തലവനുള്ളതാകുന്നു. അഞ്ചു ദിവസം നീണ്ടുനില്ക്കുന്ന വിവാഹചടങ്ങിൽ നിന്ന് നല്ലൊരോഹരി പുരോഹിതനും ഗ്രാമത്തലവനും കിട്ടുന്നു. ദമ്പതികളുടെ കണങ്കങ്ങൾ പുരോഹിതനാണ് സമ്മാനിക്കുക. ജനിച്ചാൽ കുട്ടികൾക്ക് പല പേരുകളുമിടാറുണ്ട്. കാറ്റുള്ള സമയമാണെങ്കിൽ കാറ്റെന്നും മഴയുള്ള സമയമാണെങ്കിൽ മഴയെന്നും മൃഗങ്ങൾ ദൃശ്യമാകുന്ന സന്ദർഭമാണെങ്കിൽ മൃഗങ്ങളുടെ പേരും കുട്ടിയ്ക്കിടുന്നു. ഉയരമുള്ള മലയുടേയും കാവേരിയുടേയും കൃഷ്ണയുടേയും പേരുകൾ സർവ്വസാധാരണമാണ്. സ്ത്രീ ഋതുമതിയായാൽ കുടുംബം മുഴുവനും അശുദ്ധിയാണ്. ഏഴുദിവസം കഴിഞ്ഞാൽ വലിയ സദ്യയും നടത്തും. പന്നി നായാട്ട് ബൊന്തുക്കാരുടെ വലിയ വിനോദമാണ്. സ്ത്രീ പുരുഷ ഭേദമന്യേ കറുത്തവാവിൽ ഒരുമിച്ച് നൃത്തം ചെയ്യാറുണ്ട്. മരിച്ചുകഴിഞ്ഞാൽ യമദൂതന്മാർക്ക് പ്രത്യേകം സദ്യയുണ്ട്. അതിലും പന്നിമാംസത്തിനും മത്സ്യത്തിനും സ്ഥാനമുണ്ട്. ശവം ഇടതുഭാഗത്തേക്ക് ചരിച്ചുകിടത്തി കുഴിച്ചിടും. പരുന്തുകൾക്ക് ശവം കാക്കാൻ പന്നിമാംസം ഏഴുദിവസം കൊടുക്കും. ശൈശവവിവാഹം നിഷിദ്ധമല്ല. ബൊട്ടട എന്ന ഉയർന്ന ആദിവാസികളിൽ നിന്നും നിഷിദ്ധമായ കുറ്റങ്ങൾക്ക് ബഹിഷ്കരിക്കപ്പെട്ടവരാണ് ബൊന്തുക്കാർ എന്ന വർഗ്ഗം. പൂണുനൂൽ പൊട്ടിച്ചെറിഞ്ഞ ഇവർ പാപികളാണെന്ന് ബൊട്ടവർഗ്ഗക്കാർ പറയും. ഇവരെ പൂണുനൂൽ ധാരികളായ ബൊട്ടടക്കാർക്ക് ഭയമാണ്. ദുഷ്ടരായകൃഷ്ണനിരക്കാരായി ഇവരെ വിശേഷിപ്പിക്കുന്നു. പ്രയത്നശാലികളായ ബൊന്തുക്കാർ ആന്ധ്രായിലെ നദീതടവാസികളിൽ കുറഞ്ഞുവരികയാണ്.

**യേനാദികൾ**

പ്രാകൃത തെലുങ്കുഭാഷ സംസാരിക്കുന്ന ക്ഷുരകവർഗ്ഗമാണ് യേനാദികളുടേത്. ഉയർന്നവരെ റഢ്ഡി യേനാദിയെന്നുവിളിക്കും . വിവാഹകാര്യത്തിൽ ഒരാചാരമുറയില്ല. ഇഷ്ടപ്പെട്ട സ്ത്രീയ തട്ടികൊണ്ടുപോയി താമസിപ്പിക്കാം. വ്യഭിചാരം ഒരു കുറ്റമായി യേനാദികൾ കണക്കാക്കുന്നില്ല. ഏഴുപേരെ വരെ ഭർത്താക്കന്മാരായി സ്വീകരിക്കാം. പുരാതന കേരളത്തിലെ ഭർതൃപാരമ്പര്യവും മരുമക്കത്തായ സമ്പ്രദായവും യേനാദികൾ പുലർത്തിപോരുന്നുണ്ട്. ഋതുമതികളെ പ്രത്യേകം കുടിലുകളിൽ താമസിപ്പിക്കുന്നു. ശുദ്ധിയായാൽ കുടിൽ ചുട്ടുകളയുന്നു. എത്രവിഷമുള്ള സർപ്പമായാലും യേനാദികൾ പിടിക്കും. പാമ്പിനെ തോലുരിച്ച് മഞ്ഞൾപ്പോടി വേവിച്ച് ഒരുതരം തൈലം ഉണ്ടാക്കുന്നവരും യേനാദികളിൽ ഉണ്ട്. ഒടി. മന്ത്രവാദം, വിഷവൈദ്യം എന്നിവയിൽ ഏനാദികൾ പ്രസിദ്ധരാണ്. ശവംകമഴ്ത്തി കുഴിച്ചിടുകയും അടിയന്തിരകർമ്മങ്ങൾക്ക് മദ്യവും പന്നിയിറച്ചിയും സുലഭമായി ഉപയോഗിക്കുകയും ചെയ്യും. യേനാദി സ്ത്രീകൾ കൂട്ടകവർച്ചക്ക് പുരുഷന്മാരോടൊപ്പം സഞ്ചരിച്ചിരുന്നു. കവിളിലും കൈത്തണ്ടയിലും പച്ച കുത്തി വികൃതമാക്കിയ യേനാദിസ്ത്രീകൾക്ക് കൈമുട്ടുവരെ ഓട്ടുവളയുണ്ടാകാം. മത്സ്യം പിടിക്കുന്നവരും മുണ്ടലക്കുന്നവരും യേനാദികളിൽ കാണാം. തെലുങ്കുനാട്ടിൽ യേനാദിവർഗ്ഗത്തിൽ നിന്ന് കോമട്ടി മുരസു തുടങ്ങിയ ആദിനിവാസികൾ വിവാഹബന്ധത്തിലേർപ്പെട്ടിട്ടുണ്ട്. ശുദ്ധയേനാദിവർഗ്ഗം അങ്ങനെ മറഞ്ഞുവരികയാണ്. ഭീകരന്മാരായി ചിത്രീകരിക്കപ്പെട്ടിട്ടുള്ള യേനാദികളിൽ മാമുനികളും സന്ന്യാസിമാരുമുണ്ട്. അവരെ വന്ദിക്കാതെ ഒരു യേനാദിയും കടന്നുപോകാറില്ല.

**വടുകൻ**

ബന്ധുകൻ എന്ന പേരിലറിയപ്പെടുന്ന വടുകൻ കന്നുകാലി വളർത്തുന്നതിലും കൃഷിപ്പണിയിലും വിദഗ്ദ്ധനാണ്. വാർഷികമേളയാഘോഷിക്കുമ്പോൾ തീയിലൂടെ നടക്കുന്നതാണ് വടുകന്റെ സത്യസന്ധതയ്ക്ക് മാനദണ്ഡമായി കണക്കാക്കപ്പെടുന്നത്. പതിനെട്ട് ഉപജാതികൾ വടുകരിൽ കാണാം. ഐത്തമാചരിക്കുന്നവരും പൂണുനൂൽ ധരിക്കുന്നവരും ഇതിലുൾപ്പെടും. സ്ത്രീകൾക്ക് ഇഷ്ടമുള്ള ഭർത്താവിനെ സ്വീകരിക്കാം. ലഘുവായ കുടുംബവഴക്കുണ്ടായാൾ ഭർത്താവിനെ മാറ്റാൻ ഭാര്യ മടിക്കാറില്ല. ഭർത്താവിന്റെ അസാന്നിദ്ധ്യത്തിൽ ഭർത്തൃസഹോദരനെ സ്വീകരിക്കാം. ഭാര്യ ഭർത്താവിനേക്കാൾ പ്രായകൂടുതലുള്ളവളായിരിക്കും. ശവദാഹത്തിനുമുമ്പ് എരുമയെ പ്രദക്ഷിണം വെപ്പിക്കും. ശവം പൊതുസ്ഥലത്ത് പ്രദർപ്പിച്ചശേഷം എരുമപ്പാൽ ശവത്തിന്റെ വായിൽ ഓഴിക്കും. ശവക്കട്ടിലിനുചുറ്റും വടുക പുരോഹിതന്മാരും സിൽബന്ധികളും മന്ത്രം ജപിച്ചു ആംഗ്യം കാണിക്കും. തലമുടി, ആഭരണം, അരി എന്നിവ ശവത്തിന്റെ പുടവയിൽ കെട്ടിയിടും. വടുകന്റെ മരണം അറിഞ്ഞാൽ സ്ത്രീകൾ മാത്രമെ കരയാൻ പാടുള്ളു. പുരുഷന്മാർ ശാപമോക്ഷത്തിനായി ഗ്രാമീണഗാനം ആലപിക്കും. യമദൂതനോട് നേരിട്ടുപറയുന്ന പ്രസ്തുത ഗാനത്തിൽ മരിച്ച വടുകൻ ചെയ്ത കുറ്റങ്ങൾ ഏറ്റുപറയും. ശവമഞ്ചമെടുക്കുംമ്പോൾ ഒരു എരുമക്കുട്ടിയെ കയറഴിച്ച് നടതള്ളും. ശവം ദഹിപ്പിക്കുന്ന വടുകരുണ്ടെങ്കിലും ചില ഉപജാതികൾ ഇരുത്തികുഴിച്ചിടുകയും

ചെയ്യും. തൊറയനെകൊണ്ട് ക്ഷൌരംചെയ്യിച്ചശേഷം മാത്രമെ ശവക്കട്ടിലെടുക്കയുള്ളു. വടുകരെ ആക്രമിക്കുന്ന കുറുമ്പരെ വടുകർ ഭയപ്പെടുന്നു. യക്ഷിയുടേയും ചാമുണ്ഡിയുടേയും അകംപടിയോടെ നടക്കുന്ന കുറുംപർ വടുക സ്ത്രീകളുടെ കരളെടുത്ത് മരുന്നുണ്ടാക്കുന്നവരാണെന്നവർ ഭയപ്പെടുന്നു. വടുകരുടെ വിവാഹചടങ്ങ് കന്നുപൂട്ടലോടെയാണവസാനിക്കുക. ദംമ്പതികൾ കൃഷിപാടത്ത് കന്നുപൂട്ടി മധുവിധു ആരംഭിക്കുന്നു. വടുകർ ആന്ധ്രാപ്രദേശത്തും മൈസൂരിലും 1951-ലെ കാനേഷുമാരിക്കാലത്ത് എണ്ണം കുറഞ്ഞുവരുന്നതായി കണ്ടിരിക്കുന്നു.

ദക്ഷിണേന്ത്യയിലെ സാമൂഹ്യാചാരങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുള്ള നൂറ്റുകണക്കിന് ആദിവാസികളുണ്ട്. അവരിൽ നിന്ന് തെറ്റിപ്പിരിഞ്ഞവരാണിന്നത്തെ പരിഷ്കൃതർ. പ്രാചീന ദ്രാവിഡസംസ്കാരത്തിന്റെ വിശേഷതകൾ ജീവിതത്തിൽ സൂക്ഷിക്കുന്ന ആദിവാസികളെ പരിഷ്കൃതചിത്തരാക്കിയാലെ സാമൂഹ്യനീതി അന്വർത്ഥമാകുകയുള്ളു.

# മറവൻ

പ്രതാപവാനായ മാർത്താണ്ഡവർമ്മയുടെ വീരോപാദനങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന സാഹിത്യനിപുണന്മാർ ഒരിക്കലും വിസ്മരിച്ചിട്ടില്ലാത്ത വർഗ്ഗമാണ് മറവരുടേത്. മറവപ്പടയുടെ ആക്രമണവും, മറവരുടെ ഗുണ്ടാപ്രവർത്തനവും തിരുവിതാംകൂർ ചരിത്രമെഴുതിയവരെങ്ങിനെ വിസ്മരിക്കും: തെക്കൻതിരുവിതാംകൂറുമായി ബന്ധപ്പെട്ടിട്ടുള്ള മറവർ ദക്ഷിണേന്ത്യയിലെ പ്രാചീനപിന്നോക്ക വർഗ്ഗങ്ങളിൽ പെട്ടവരാണ്. 1891ലേയും 1901ലേയും കാനേഷുമാരിക്കാലത്ത് മറവരുടെ ജനസംഖ്യയും അതോടൊപ്പം അവരുടെ ആചാരവിശ്വാസങ്ങളും സാമൂഹ്യജീവിതവും വിദേശികളായ നരവംശശാസ്ത്രജ്ഞന്മാരെ ആകർഷിച്ചു. മലയാളത്തിലെ രാജകീയാഖ്യായികകളിലെന്നപോലെ മനുഷ്യവർഗ്ഗശാസ്ത്രശാഖയിലും മറവർ സ്മരണീയരായി. മലയാളഭാഷയിൽ മറവരെ ഒരുതരം ഗുണ്ടകളായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. പക്ഷെ ആ ചിത്രീകരണത്തിന് പ്രചോദനം നല്കിയ സാമൂഹ്യനീതിയും കണക്കിലെടുക്കേണ്ടതുണ്ട്. ഭരിക്കുന്ന വർഗ്ഗവും അവരുടെ ചാർച്ചക്കാരുമൊഴിച്ച് ബാക്കിയുള്ളവരെല്ലാം ഹീനന്മാരെന്ന് ഗണിക്കുന്ന കാലമായിരുന്നു അത്. സൈര്യജീവിതം അലങ്കോലപ്പെടുത്തുവാൻ മാർത്താണ്ഡവർമ്മയുടെ കാലത്ത് മറവരേയും ഉപയോഗിച്ചിരുന്നു. നിർഭാഗ്യവാന്മാരായ അവരെ കാര്യം കണ്ടപ്പോൾ ആട്ടിയകറ്റുകയും ചെയ്തു. പലതും മറന്നുപോയ ആ മറവർക്ക് ചരിത്രത്തിൽ സ്ഥാനമുണ്ട്.

### മറവപുരാവൃത്തം

രാമരാവണയുദ്ധകാലത്തെ പാരംപര്യമാണ് മറവർ അവകാശപ്പെടുന്നത്. ശ്രീരാമന്റെ വിജയത്തിനായി മറവർ ' അരയും തലയും മുറുക്കി' പൊരുതിയത്രെ. വിജയശ്രീലാളിതനായ ശ്രീരാമൻ കൃതജ്ഞതാപൂർവ്വം മറവരോട് അന്നത്തെ ശുദ്ധ തമിഴിൽ പറഞ്ഞുവത്രെ 'മറവേൻ' ഒരിക്കലും മറക്കുകയില്ല എന്നർത്ഥമാണതിനുള്ളത്. അങ്ങനെ രാമരാവണകാലത്തെ ഐതിഹാസിക മഹത്വവും അയവിറക്കിയാണ് മറവൻ ഇന്നും ജീവിക്കുന്നത്. 'മറവൻ' എന്ന വാക്കിൽ നിന്നും മറവരായി മാറി. 'ൻറുപ്പാപ്പായ്ക്കൊരാനെണ്ടാർന്നു' എന്ന സ്വപാനാനുഭൂതിയോടെ മധുര രാമനാട് തൃശ്ശിനാപ്പിള്ളി തുടങ്ങിയ സ്ഥലങ്ങളിൽ അതിവസിക്കുന്ന മറവർ തമിഴ്നാട്ടിലെ രാജാക്കന്മാർക്ക് പ്രതിസന്ധി ഘട്ടത്തിൽ ഉപകാരം ചെയ്തിട്ടുള്ളവരാണ്. പണ്ടത്തെ രാമനാട് രാജാവ് സേതുപതിയും നായ്ക്കർ രാജാവും മറവരുടെ നേതൃത്വം ഏറ്റെടുത്തിരുന്നു. സേതുപതി മറവനായിരുന്നുവെന്നും പറയുന്നു. ആദിപത്യം പോയ രാജാക്കന്മാരും പ്രതാപം നശിച്ച സമീന്ദർമാരും മറവ സമുദായത്തിൽ ഒതുങ്ങികഴിയുന്നുണ്ട്. ഒരു കാലത്ത് നാടിനെ കിടിലം കൊള്ളിച്ചിരുന്ന മറവരുടെ കിന്നരിതലപ്പാവുകൾ കാലപ്രവാഹത്തിൽ ഒലിച്ചുപോയി. നരവംശശാഖയിലെ അപരിഷ്കൃതാചാരങ്ങളും തെറ്റായ നടവടിക്രമങ്ങളും പുലർത്തിപോന്നിരുന്നവരുടെ കൂട്ടത്തിൽ മറവരെ ഉൾപ്പെടുത്തികാണുന്നു. തിരുനൽവേലി ജില്ലയിൽ നിന്ന് തിരുവിതാംകൂറിലേക്ക് തള്ളിക്കയറിയ മറവപ്പരിഷയെ നിയന്ത്രിച്ചുനിർത്താൻ വളരെയേറെ പണിപ്പെടേണ്ടി വന്നു.

### കൃഷിയും മോഷണവും

കൃഷിപ്രവൃത്തിയിലാണ് മറവർ പ്രായേണ വ്യാപൃതരായി കാണുന്നത്. പാരമ്പര്യതൊഴിൽ എന്താണെന്നു ചോദിച്ചാൽ യുദ്ധം ചെയ്യലും കൃഷിയുമാണെന്ന് പറയും. യുദ്ധം പഴയ കാലത്ത് വല്ലപ്പോഴുമൊരിക്കലുണ്ടായാൽ മറവപ്പടയെ തമിഴ്നാട് രാജാക്കന്മാർ കൂലിക്കെടുക്കും. കൂലി കിട്ടിയാൽ രണ്ടുഭാഗത്തും ചേർന്ന് മറവർ യുദ്ധം ചെയ്തിരുന്നു. അവർക്കൊന്ന് കൈത്തരിപ്പ് മാറ്റണം കൂലിയും കിട്ടണം എന്നല്ലാതെ ഏതു രാജാവ് ജയിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നില്ല. അങ്ങനെ കൂറില്ലാതെ യുദ്ധം ചെയ്ത മറവപ്പടയെ സേതുപതി രാജാവ് ജാതിഭ്രഷ്ട് കല്പിച്ച് കുറവരായി തരം താഴ്ത്തിയതായും പറയുന്നു. അഭയാർത്ഥികളായിതീർന്ന മറവർ ചട്ടംപികളായി നാട്ടിലിറങ്ങിയ കാലമുണ്ടായിരുന്നു. കന്നുകാലികളെ മോഷ്ടിക്കുക, വഴിപോക്കരെ അക്രമിക്കുക, നിർബന്ധമായി ചെറിയ നികുതികൾ പിരിക്കുക ഇവയെല്ലാം നിർബാധം നടത്തിയപ്പോൾ രാമനാട്ടുരാജാവിന് മറവരെ നിയന്ത്രിക്കാൻ നിർവ്വാഹമില്ലാതായി. മോഷണം ഒരു തൊഴിലായി വളർന്നുകഴിഞ്ഞപ്പോൾ മറവരെ പാട്ടിലാക്കാൻ രാജാവ് ശ്രമിച്ചു. ആരേയും ശിക്ഷിക്കാതെ അയൽനാട്ടുരാജാക്കന്മാർക്ക് യുദ്ധത്തിന് കൊടുത്തു. കുറേപ്പെരെ മിഷനറിപ്രവർത്തകർ മാനസാന്തരപ്പെടുത്തി. ക്രമേണ സാമൂഹ്യവിരുദ്ധപ്രവൃത്തികളിൽ നിന്ന് മറവർ ഒഴിഞ്ഞുമാറി.

### വിവാഹാചാരം

ഇരുപത്തിയെട്ട് ഗോത്രങ്ങളായി ചിന്നി ചിതറിക്കിടക്കുന്ന മറവരുടെ വിവാഹാചാരങ്ങൾക്ക് ചില പ്രത്യേകതകളുണ്ട്. ഭാര്യയും ഭർത്താവും ഒരു ഗോത്രക്കാരാകാൻ പാടില്ല. വിവാഹമുഹൂർത്തമായാൽ പെണ്ണിന്റെ അമ്മാവൻ അവളെ പൊക്കിയെടുത്ത്, പന്തലിൽ കൊണ്ടുവരും. കണ്ണുപൊത്തിപ്പിടിച്ചിരിക്കുന്ന മണവാട്ടിക്ക് ചുറ്റും സ്ത്രീകൾ തിരികൊളുത്തിയ താലവുമായി പ്രദക്ഷിണം ചെയ്യും. വധുവരന്മാർ താലത്തിൽ തുപ്പണം. അതോടെ വിവാഹചടങ്ങുകൾ ആരംഭിക്കുകയായി.

വിവാഹത്തിന് വല്ലവിഘ്നവും വന്നാൽ താലി പെണ്ണിന്റെ വീട്ടിലേക്ക് കൊടുത്തയയ്ക്കും. വരനെ ഇഷ്ടപ്പെട്ടില്ലെങ്കിൽ അന്നുതന്നെ ഉപേക്ഷിക്കാം. പെണ്ണ് പിന്തിരിഞ്ഞു നോക്കാതെ സ്ഥലം വിട്ടുകൊള്ളണം എന്നുമാത്രം. പുരുഷന് സ്ത്രീയെ ഇഷ്ടപ്പെട്ടില്ലെങ്കിൽ താലി അഴിച്ചെടുക്കാം. വിവാഹത്തിന് താലികെട്ട് ആദ്യം തന്നെ വേണമെന്നില്ല. നാല് സന്താനങ്ങൾ ഉണ്ടായശേഷവുമാകാം.

ധനാഢ്യരായ മറവർ വിവാഹപ്പന്തലിൽ തന്റെ പ്രതിപുരുഷനെ അയച്ച് താലികെട്ടിക്കും. വലിയ ധനാഢ്യരായ മറവപ്രമാണികൾ പല്ലക്കിൽകയറി വധുവിന്റെ വീടിനുചുറ്റും തന്റെ പ്രതാപം പ്രകടിപ്പിക്കാൻ പ്രദക്ഷിണം വെച്ച് മടങ്ങും. പിന്നാലെ പെണ്ണും ഇറങ്ങിതിരിക്കും. ചില മറവഗോത്രക്കാർ വധുവിന്റെ പാദത്തിൽ മഞ്ഞൾ പൂശി ജപിച്ച ചരടുകെട്ടും. ഗർഭധാരണമുണ്ടായാൽ പരദേവതയ്ക്ക് ആ പാശം കാഴ്ചവച്ച് പ്രാർത്ഥനനടത്തും. ഗർഭവതിയായാൽ അയൽവാസികൾ മധുരപലഹാരം കൊടുക്കും. പകരം അവരെല്ലാം ഭേദമായ ഒരു സദ്യയും നൽകും.

**മരണചടങ്ങജശറ്റ**

മറവരുടെ ശവം ഇരുത്തി കുഴിച്ചിടും. ചിലർ ദഹിപ്പിക്കുകയും ചെയ്യും. കാപാലിമറവർ മരിച്ചാൽ തലയോടിൽ ഒരു ദ്വാരമുണ്ടാകും. ആ ദ്വാരത്തിലൂടെ ആത്മാവ് ശ്രീരാമപാദത്തിലെത്തുമെന്നാണ് മറവവിശ്വാസം. സ്ത്രീ മരിച്ചെങ്കിൽ തലമുടി മുറിച്ചുകളയും. ശ്മശാനത്തിൽ നവധാന്യങ്ങൾ വിതറി ഓട്ടക്കുടത്തിൽ വെള്ളമൊഴിക്കും. ധാന്യങ്ങൾ മുളച്ചുകഴിഞ്ഞാൽ അടിയന്തിരമായി, ചാണകവെള്ളത്തിൽ കാൽമുക്കിക്കരഞ്ഞു ശ്മശാനക്രീയ നടത്തുകയായി. മരിച്ചയാളുടെ പല്ലോ, മുടിയോ വളരെക്കാലം വീട്ടിൽസൂക്ഷിക്കും. ചരമവാർഷികദിവസം നാലുപേരെയെങ്കിലും വിളിച്ച് കള്ള് കൊടുത്ത് കരയിപ്പിക്കും.ആത്മഹത്യചെയ്തവരുടേയും, പിഴച്ച സ്ത്രീകളുടേയും മൃതദേഹങ്ങൾ ആഴത്തിൽ കുഴിമാന്തി കുഴിച്ചിടും. അവരുടെ പ്രേതങ്ങൾ ഗ്രാമാന്തരങ്ങളിൽ അലഞ്ഞുതിരിയാതിരിക്കാൻ പ്രത്യേക ഹോമവും സദ്യയും നടത്തും. വലിയ മറവപ്രമാണിമാർ മരിച്ചാൽ ബ്രാഹ്മണർക്ക് നല്ല വരവായിരിക്കും. മറവരുടെ എല്ലാ ചടങ്ങുകൾക്കും രാമഭക്തന്മാരായ ബ്രാഹ്മണർ മുൻപന്തിയിൽകാണാം.മറവരുടെ ശാപമോക്ഷം നീങ്ങുന്നതിന് വർഷത്തിലൊരിക്കലെങ്കിലും ബ്രാഹ്മണർക്ക് സദ്യയും പാരിതോഷികങ്ങളുമുണ്ടാകും.

**മറവർ മാറിയ പരിതസ്ഥിതിയിൽ**

നൂറ്റാണ്ടുകളായി 'ചാവേറ്റുപച'കളെപ്പോലെ മറ്റുള്ളവർക്കായി ' ചത്തും കൊന്നും' ജീവിച്ചിരുന്ന മറവർ സാമൂഹ്യജീവിതത്തിൽ പലമാറ്റങ്ങൾക്കും വിധേയരായിട്ടുണ്ട്. ക്രൈസ്തവമിഷ്യനറി പ്രവർത്തകരായും തമിഴ്നാട്ടിലെ പണക്കാരായ 'നാട്ടുകൊട്ടചെട്ടി'യാന്മാരായും മറവരിൽ ചിലർ വളർന്നിട്ടുണ്ട്. സാഹസികളും മുൻകോപികളുമായിരുന്ന മറവർ രാമരാവണയുദ്ധക്കാലത്തെ പ്രതാപം അയവിറക്കിക്കഴിയുന്നുണ്ടെങ്കിലും പുതിയ ജീവിതസാഹചര്യങ്ങളുമായി ഇണങ്ങിച്ചേരാനും ശ്രമിക്കുന്നുണ്ട്.തനിദ്രാവിഡർ തങ്ങളാണെന്ന് അഭ്യസ്ഥവിദ്യരായ മറവർ പറഞ്ഞുതുടങ്ങിയിരിക്കുന്നു.'ദ്രാവിഡമറവർ' പ്രത്യേകവിഭാഗമായിത്തിരണമെന്നും ആഗ്രഹിക്കുന്നവരുണ്ട്.

ഗുണ്ടത്തലവന്മാർ മാത്രമല്ല, നീതിമാന്മാരായ രാജാക്കന്മാരും മറവരിലുണ്ടായിരുന്നുവെന്നഭിമാനംകൊള്ളുന്നു.തെഴ്സ്റ്റനും റോബർട്ട്സനും കണ്ട അപരിഷ്കൃത മറവഗോത്രങ്ങളുടെ സ്ഥാനത്ത് പരിഷ്കൃതചിത്തരായവർ ഉയർന്ന് വരികയാണ്.ഒരുകാലത്ത് മതങ്ങളുടേതെന്ന് അവകാശപ്പെട്ടിരുന്ന തമിഴ്നാട് മാറിയ പരിതസ്ഥിതിയിൽ വീണ്ടും മറവരുടേതാകുകയില്ലെന്നാർക്കറിയാം.

# പാർജാരികൾ

ഇൻഡ്യയുടെ വിവിധഭാഗങ്ങളിലായി ഒരി കോടിയിൽ താഴെ ഗിരിവർഗ്ഗക്കാരുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. വടക്കൻഭാഗങ്ങളിലും ആസാമിലും അലിഖിതഭാഷകൾ സംസാരിക്കുന്ന നൂറിലധികം ഗോത്രങ്ങളുണ്ടത്രെ. ദക്ഷിണേൻഡ്യയിൽ ആന്ധ്ര, തമിഴ്നാട്, കർണ്ണാടകം, കേരളത്തിന്റെ പൂർവ്വാതിർത്തി എന്നിവിടങ്ങളിൽ ആദിവാസിവർഗ്ഗങ്ങളിൽ ഉൾപ്പെടുന്നവർ ലക്ഷക്കണക്കിന് അധിവസിക്കുന്നുണ്ട്. ദക്ഷിണേൻഡ്യയിൽ ആന്ധ്രായിലാണ് കൂടുതൽ ഗിരിവർഗ്ഗനിവാസികൾ. പർവ്വതപ്രാന്തങ്ങളിൽ താവളമടിച്ചിരിക്കുന്ന പുരാണവാസികളുടെ സാമൂഹ്യജിവിതത്തെപ്പറ്റി നരവംശശാസ്ത്രജ്ഞന്മാർ പഠനപര്യടനങ്ങൾ നടത്താറുണ്ട്. പരിഷ്കൃതജനസമുദായത്തോടൊപ്പം സാമൂഹ്യജീവിതസ്വാതന്ത്ര്യം പ്രസ്തുത ഗിരിവാസികൾക്ക് ഇൻഡ്യൻ ഭരണഘടന വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും അവർ അത്രയും ഉരയാൻ ആശിക്കാതെ പാരംപര്യം പിൻതുടരുകയാണ്. ആന്ധ്രയിൽ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്ന പല ഗോത്രങ്ങളും ഗിരിവാസികളിൽ കാണാം. അവരിൽ കൂടുതൽ പാരംപര്യം അവകാശപ്പെടുന്ന ഒരു വർഗ്ഗമാണ് പാർജാരികളുടേത്. മലയിൽ കൃഷി ചെയ്ത് ജീവിക്കുന്ന 'വൊരോജാ' എന്നറിയപ്പെടുന്ന പാർജാരികൾക്ക് ഒരു രാജാവും ഭരണകൂടവും പർവ്വതപ്രദേശത്തുണ്ടായിരുന്നുവെന്നവർ വിശ്വസിക്കുന്നു.

**സാമൂഹ്യാചാരങ്ങൾ**

പാർജാരികളുടെ സാമൂഹ്യാചാരങ്ങൾക്ക് ദക്ഷിണേൻഡ്യൻഗിരിവാസികളിൽ നിന്ന് ചില ഭിന്നതകൾ കാണാം. വിവാഹം, കുടുംബജീവിതം, മരണം തുടങ്ങിയ കാര്യങ്ങളിൽ ചില പ്രത്യേകആചാരങ്ങൾ പാർജാരികൾ അനുഷ്ഠിക്കുന്നു. വധുവിനെയന്വേഷിച്ച് ചെല്ലുന്ന പുരുഷൻ മദ്യമാണ് കാഴ്ചവസ്തുവായി ആദ്യം കൊണ്ടുപോകുന്നത്. പെണ്ണിനെ ഇഷ്ടപ്പെട്ടില്ലെങ്കിൽ ബന്ധുക്കളെല്ലാം ഒരുമിച്ച് സമ്മേളിക്കുന്നു. കാട്ടുപോത്തിന്റെ മാംസവും മദ്യവും കൂട്ടി ഒരു സദ്യതന്നെ നടത്തുന്നു. പെണ്ണിനെ അമ്മാവൻ മടിയിലിരുത്തുന്നു. പുരുഷൻ അഭിമുഖമായി സ്ഥാനമുറപ്പിക്കും. രണ്ടുപേരെയും പുരുഷന്റെ അച്ഛൻ ആവണക്കെണ്ണ പുരട്ടി പരിശുദ്ധരാണെന്ന് പ്രഖ്യാപിക്കുന്നു. ബന്ധുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ രണ്ടാളേയും കളിപ്പിക്കുന്നു. അതോടെ വിവാഹപ്രഖ്യാപനമായി. മറ്റൊരു തരത്തിലുള്ള വിവാഹം നടപ്പുണ്ട്. വിവാഹപ്രായമായ ഗിരിവാസിതരുണികൾ കൂട്ടമായി കാട്ടിൽ നിശ്ചിതസ്ഥലത്തു ക്യാംപടിക്കുന്നു. വിവാഹാഭ്യർത്ഥനയുമായി പുരുഷന്മാർ അവിടെയെത്തുന്നു. അഗ്നികുണ്ഡത്തിൽ നിന്ന് ഒരു തീകൊള്ളിയെടുത്ത് സ്ത്രീ പുരുഷസമൂഹത്തിലേക്കെറിയുന്നു. അതു കൊള്ളുന്നവൻ വരനായിത്തീരുന്നു. ഭർത്താവിന്റെ ക്ഷമയും സ്നേഹവും പരീക്ഷിക്കുവാൻ പല ഉപായങ്ങളും സ്ത്രീ പ്രയോഗിക്കും. അതിൽ ജയിക്കുന്നവനുമായി ഒരാഴ്ച താമസിക്കുന്നു. പിന്നീട് ജനിച്ച വീട്ടിലേക്ക് മടങ്ങുന്നു. വിധവാവിവാഹം പാർജാരികൾക്കിഷ്ടമാണ്. വിവാഹമോതിരത്തിന്നു പകരം ഓട്ടുവളയാണ് ഇവർകൈമാറുന്നത്. വധുവായിത്തീരുന്നവൾ തല മുണ്ഡനം ചെയ്തു മഞ്ഞൾ കലക്കിയ വെള്ളത്തിൽ കുളിക്കണം. വിശാഖപട്ടണത്തും കാട്ടുപാടിപ്രദേശങ്ങളിലും പാർജാരികൾ ഇന്നും പഴയ ആചാരങ്ങളാണ് അനുഷ്ഠിക്കുന്നത്. പോത്ത്, കോഴി, കാട്ടുപന്നി, പശു തുടങ്ങിയവയെ എത്ര ചീഞ്ഞഴുകിയാലും ഇവർ ഉപേക്ഷിക്കുകയുല്ല. ഒരു കാട്ടുപോത്തിന്റെ ശവം ഏഴു ദിവസം വരെ മഞ്ഞൾപുരട്ടിവച്ച് സൂക്ഷിക്കും. ഗ്രാമത്തലവന്റെ നേതൃത്വത്തിൽ മദ്യവുമായി അതു സേവിക്കും.

**ദിഗംബരൻ**

പാർജാരികളിൽ നഗ്നതാപ്രസ്ഥാത്തിൽ ഉൾപ്പെടുന്ന ബോണ്ട് തവാരോജാ എന്ന വർഗ്ഗമുണ്ട്. ബോണ്ട് എന്നാൽ നഗ്നൻ എന്നാണർത്ഥം. ആദിമനുഷ്യരുടെ ജീവിതസംപ്രദായം ഏറെക്കുറെ ഇവരിൽ കാണാം. മരത്തോലിന്റെ കഷണം അരയിൽ ചുറ്റിയ ബോണ്ടുസ്ത്രീകൾ തല മുണ്ഡനം ചെയ്തവരായിരിക്കും. അവരുടെ കഴുത്തിൽ കാട്ടുപോത്തിന്റെ പല്ലുകൾ ആഭരണമായി കോർത്തിട്ടിരിക്കും. ഇവർ ഭസ്മാസുരവർഗ്ഗത്തിൽനിന്ന് തെറ്റിപ്പിരിഞ്ഞവരാണെന്നു തെലുങ്ക് ഐതീഹ്യം പറയുന്നുണ്ട്. സ്ത്രീകളെ മന്ത്രവാദം കൊണ്ട് വശീകരിക്കാനും വെടിവെച്ചു വധിക്കാനും ബോണ്ടുകൾക്ക് കഴിയുമെന്നാണ് പാർജാരികൾ വിശ്വസിക്കുന്നത്. ദണ്ഡും എരിയുന്ന നെരിപ്പോടുമായി പാതിരാത്രികളിൽ സഞ്ചരിക്കുന്ന ദിഗംബരരായ ബോണ്ടുകൾക്ക് ചുട്ട കോഴിയും മദ്യവും കൊടുത്തു ശാപമൊഴിക്കാറുണ്ട്. പട്ടണങ്ങളിൽ അപൂർവ്വസന്ദർഭങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ടായിരുന്ന ബോണ്ടുകൾ പുകയിലയാണ് ഒരു വിശിഷ്ടസാധനമായി വാങ്ങുന്നത്.

**ശവദാഹം**

മരിച്ചുകഴിഞ്ഞാൽ ബോണ്ടുകൾ മൂന്നുദിവസം പുല ആചരിക്കും. ദഹിപ്പിച്ച സ്ഥലത്ത് ഈറ്റക്കുഴൽ കുത്തിനിർത്തി ശവത്തിന്റെ ആത്മശാന്തിക്കായി വെള്ളമൊഴിക്കും. ഭക്ഷണവും പഴങ്ങളും ഏതാനും ദിവസം ശ്മശാനത്തിൽ വെച്ചിരിക്കും. ശവദാഹത്തിൽ കൂടിയവർ ചാണകം പുരട്ടിക്കുളിച്ച് ശുദ്ധമാകും. മരിച്ചയാളുടെ പ്രേതം അലഞ്ഞുതിരിയാതിരിക്കാൻ ശവസംസ്കാരസ്ഥലത്ത് വേലികെട്ടും. ഏതാനും ആഴ്ചകൾ കഴിയുംപോൾ അതു മന്ത്രവാദിയുടെ സഹായത്തോടെ ചുട്ടുകളയും. അന്ന് ഒരു സദ്യയും നടത്തും. ശവത്തിന്റെ കണ്ണുകൾ മണ്ണിൽ പതിയത്തക്കവിധം കുഴിച്ചിടും. പിഴച്ച പെണ്ണിന്റെ ശവം ആറ്റിൻകരയിൽ കുഴിച്ചിടും. പാപം ആറ്റിലൊഴുകിപ്പോകാനാണത്രെ ഇങ്ങനെ ചെയ്യുന്നത്.

**യമനിയമങ്ങൾ**

ഒരു സ്ത്രീ പിഴച്ചുപോയാൽ തലയോടുകളുടെ കണ്ഠമാലയണിഞ്ഞ് അലഞ്ഞ് തിരിയണം. അവളുടെ ഗർഭകാലം മുഴുവനും ഈ യാത്ര തുടരും. പ്രസവിച്ചാൽ ചാണകവെള്ളത്തിൽ ചൂലുമുക്കി ഗ്രാമക്കാർ അടിച്ചുമാറ്റും. ഈ നിലയ്ക്ക് ഇപ്പോൾ മാറ്റം വന്നിട്ടുണ്ട്. പക്ഷെ വ്യഭിചാരം ഹീനവൃത്തിയായിതന്നെ ഗണിക്കുന്നു. കൊലക്കുറ്റം ചെയ്തവനെ ജീവനോടെ കുഴിച്ചിടുന്ന സംമ്പ്രദായമുണ്ടായിരുന്നു. വധിക്കപ്പെട്ടയാളിന്റെ അവകാശികൾക്കു വിരോധമില്ലെങ്കിൽ ചൂടുവെച്ചുഗ്രാമം കടത്തിവിടും. കളവുനടത്തിയാൽ ഇരട്ടി പിഴ കൊടുക്കുകയോ അടിമവേല ചെയ്യുകയോ വേണം. അഖിലിഖിതങ്ങളായ ശാസനങ്ങൾക്ക് വിധേയമായി സമൂദായഭരണം നടത്തിയ പാർജാരികൾ കായശക്തിയുള്ള നായാട്ടുകാരും വില്ലാളികളുമാണ്. ആദിവാസികളുടെ പുരോഗതിക്കായി അക്ഷീണം യത്നിച്ച താക്കർബാപ്പ പാർജാരികളെ കൂറുള്ള സമൂദായസ്നേഹികളെന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

# ഇരുണ്ട വർഗ്ഗങ്ങൾ

തൊഴിലും നിറവും വർഗ്ഗവിവേചനത്തിന്റെ ഉപാധികളായി അംഗീകരിച്ചിരുന്ന വ്യവസ്ഥക്ക് മാറ്റം വന്നിരിക്കുകയാണല്ലൊ. ചാതുർവർണ്ണ്യത്തിൻറേയും യവനാചാരങ്ങളുടേയും നിലപാടിൽ മനുഷ്യവർഗ്ഗത്തെ പല ഉപവിഭാഗങ്ങളായി തരം തിരിച്ചിരുന്നു. ലോസ ജനസംഖ്യയിൽ പത്തുശതമാനത്തോളം വൻകാടുകളിലും ഉപദ്വീപുകളിലും ആണ് അധിവസിക്കുന്നതെന്നു നരവംശശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഭാരതത്തിൽ രണ്ടുകോടിയോളം ജനങ്ങൾ ഗിരിതടങ്ങളിലും പരിഷ്കാരം എത്തിനോക്കാത്ത ഭൂവിഭാഗങ്ങളിലുമാണ് ഇന്നും അധിവസിക്കുന്നത്. പ്രാകൃതാചാരങ്ങളെ പുണർന്നു വന്യമൃഗങ്ങളെ വേട്ടയാടി ഭക്ഷിച്ചും മണ്ണിനോട് മല്ലിട്ടും കഴിയുന്ന ആ ഇരുണ്ടവർഗ്ഗത്തിന്റെ മദ്ധ്യത്തിലേക്ക് ഭൌതികവെളിച്ചം എത്തിത്തുടങ്ങുന്നതേയുള്ളു. മാംസഭോജികളും സസ്യഭുക്കുകളും ഇടകലർന്നു കഴിയുന്ന ഗിരിവാസികളുടെ സാമൂഹ്യാചാരങ്ങൾക്കു നമ്മുടെ പരിഷ്കൃത ജീവിതരീതികളുമായി അഭേദ്യമായ ബന്ധമുണ്ട്. നിറം, രോമം, പൊക്കം, ആകൃതി എന്നിവയെ ആസ്പദമാക്കി അന്വേഷണം നടത്തുംപോൾ അവരുടെ ഇടയിൽ നിന്ന് ഇടക്കാലങ്ങളിൽ വിമോചിതരായവരല്ലേ നാടൻപരിഷ്കാരികളായ നാമെന്നു തോന്നിപ്പോകും. ദക്ഷിണേൻഡ്യയിലെ പല ഭാഗങ്ങളിലായി ചിന്നിച്ചിതറിക്കിടക്കുന്ന വനവാസികൾ പുരാതന ദ്രാവിഡസംസ്കാരത്തിന്റെ വിധാതാക്കൾകൂടീയായിരുന്നുവെന്നു ചില നരവംശശാസ്ത്രജ്ഞന്മാർ അനുമാനിക്കുന്നു. ദക്ഷിണേൻഡ്യയിൽ ആദിവാസികളെപ്പറ്റി കാര്യമായ ഒരു പഠനം നടത്താൻ നമ്മുടെ ശാസ്ത്രകുതുകികൾക്ക് സന്ദർഭം ലഭിച്ചിട്ടില്ല. ആന്ധ്രയിലും കർണ്ണാടകത്തിലും തമിഴ് രാജ്യത്തും കേരളത്തിന്റെ പൂർവ്വഭാഗത്തും വനങ്ങളിൽ കഴിഞ്ഞുകൂടുന്ന ഒരു കോടിയിൽതാഴെയുള്ള ഇരുണ്ടവർഗ്ഗക്കാർ ചരിത്രാന്വേഷികൾക്കു പഠിക്കുവാനും ചിന്തിക്കാനും വക നല്കുന്ന ഒരു പ്രശ്നമാണ്. കൃഷി, നായാട്ട്, മന്ത്രവാദം തുടങ്ങിയ തൊഴിലുകളിലേർപ്പെട്ടുകഴിയുന്ന ഗിരിവാസികളിൽ അലിഖിതഭരണഘടനയുള്ളവരാണു ഭൂരിപക്ഷവും.പ്രാകൃതമെങ്കിലും ചില ജനാധിപത്യസിദ്ധാന്തങ്ങൾക്കനുസൃതമായാണ് അവരുടെ സാമൂഹ്യജീവിതം കരുപ്പിടിച്ചിട്ടുള്ളത്. ഭരണസാരഥ്യം വഹിക്കുന്ന പുരോഹിതനും അതിനവലംബം നല്കുന്ന ഉഗ്രദേവതകളായ കാലമറുതയും ആയിരമല്ലിയും മക്കാവേതാളനും പിള്ളതീനിക്കാളിയും ഗിരിവാസികളുടെ സ്വഭാവവിശേഷങ്ങൾക്കു ഭാവവും രൂപവും നല്കുന്നു.

ആന്ധ്രയിൽ അധിവസിക്കുന്ന ആദിവാസികളിൽനിന്നു വ്യത്യസ്തമായ ചില ആചാരമുറകളനുഷ്ഠിക്കുന്നവരാണു കേരളത്തിലേയും തമിഴ്നാട്ടിലേയും ആദിവാസികൾ. വിശാഖപട്ടണം, ഗോദാവരി, കടപ്പ, കർണൂൽ എന്നീ ജില്ലകളിൽ താമസിക്കുന്ന വനവാസികൾ പല കാര്യങ്ങളിലും കർണ്ണാടകത്തിലേയും, തമിഴകത്തിലേയും, കേരളത്തിലേയും സ്വവർഗ്ഗക്കാരിൽ നിന്നും ഭിന്നമായ ആചാരമുറകളനുഷ്ഠിക്കുന്നുണ്ട്. കേരളത്തിലെ ഗിരിവാസികളായ കുലാലൻ, കാമരൻ, ചെമ്മാൻ, പരവൻ, മലപ്പുലയൻ, മലവേടൻ, മലപ്പണ്ടാരം, ഊരാളി, വിഷവർ, അരനാടർ, കാട്ടുനായ്ക്കർ, മുതുവർ, പാണിയർ, തുടങ്ങിയ എഴുപതോളം ഉപജാതികളിൽ ഭൂരിപക്ഷവും മരുമക്കത്തായികളാണ്. ഒരുലക്ഷത്തോളം വരുന്ന കേരളത്തിലെ ഗിരിവാസികൾ സമൂഹമായി കഴിയുന്നതുകൊണ്ട് അവരുടെ വംശം നശിച്ചുപോകാതെ നില്ക്കുന്നു. ആന്ധ്രയിൽ വനവാസികളിൽ ചില ഉപവർഗ്ഗങ്ങൾ ജാത്യാചാരങ്ങളുടെ സമ്മർദ്ദം കൊണ്ട് ഒറ്റപ്പെട്ട് നാമാവശേഷമായിട്ടുണ്ട്. പൊതുവെ ദക്ഷിണേൻഡ്യയിൽ അധിവസിക്കുന്ന ഗിരിതടവാസികൾ നാട്ടുകാരുമായി ഇടപെഴകാൻ ആഗ്രഹിക്കുന്നവരാണ്. അവരുമായി സംപർക്കം പുലർത്താനും അവരുടെ പ്രശ്നങ്ങൾ പഠിച്ച് സേവനം ചെയ്യുവാനും നമ്മുടെ രാജ്യത്തു പൊതുസേവകന്മാർ തയ്യാറില്ലാത്ത കാലത്തോളം സകലമാനജനങ്ങളുടേയും പ്രതിനിധ്യം പറയാൻ നമ്മുടെ രാജ്യത്തിന്നർഹതയില്ല. കർണ്ണാടകത്തിലേയും ആന്ധ്രയിലേയും ഗിരിജനങ്ങൾക്ക് ആഹാരക്രമത്തിൽ ഐക്യരൂപം കാണുന്നുണ്ട്. വന്യമൃഗങ്ങളുട ചീഞ്ഞ ഇറച്ചിയും പനങ്കള്ളും അവർക്ക് ഇഷ്ടഭോജ്യങ്ങളാണ്. ആന്ധ്രയിൽ ഗിരിവാസികളിൽതന്നെ ഔന്നത്യവും ചരിത്രപാരംപര്യവും അവകാശപ്പെടുന്നവരുണ്ട്. പല്ലവന്മാരുടേയും ചാലൂക്യന്മാരുടേയും ചോളന്മാരുടേയും ഹോയിലന്മാരുടേയും ഭരണകാലുത്തു യുദ്ധം ഭയന്ന് ഗിരിതടങ്ങളിൽ അഭയം പ്രാപിച്ചവരാണ് അവരെന്നു ചില ദക്ഷിണേൻഡ്യൻ ചരിത്രകാരന്മാർ സമർത്ഥിക്കുന്നു. വീരബല്ലാലൻറേയും ചോളപുംഗവന്റേയും ആക്രമണം ഭയന്നോടിയ ഒരു വിഭാഗം തമിഴ്നാട്ടിലും കുടിയേറിപ്പാർത്തിട്ടുണ്ട്. ആന്ധ്രയിൽ മൂത്തപുത്രിയെ വിവാഹം കഴിക്കുന്നവരുണ്ടെങ്കിൽ തമിഴ്ഗിരിപ്രദേശങ്ങളിൽ പിതാവിന്റെ മരണശേഷം മാതാവിനെ തന്നെ ഭാര്യയായി സ്വീകരിക്കുന്ന ഗിരിവാസികളേയും കാണാം. ഏകപത്നീവ്രതക്കാരും ഇവരുടെ ഇടയിൽ ഉണ്ട്. വിവാഹസംപ്രദായത്തിൽ സ്ത്രീധനമായി ഗിരിവാസികൾ നല്കുന്നത് വിറകും മൃഗവുമാണ്. മരണാടിയന്തിരങ്ങളിൽ ഇവർ ആചരിക്കുന്ന ചടങ്ങുകൾ പലവിധത്തിലുള്ളതാണ്. ആന്ധ്രയിലെ ഗിരിവാസികളിൽ മരിച്ചമനുഷ്യനെ മുണ്ഡനം ചെയ്തു കമഴ്ത്തി കുഴിച്ചിടാൻ ശ്രമിക്കുംപോൾ, കർണ്ണാടകക്കാർ ശവം ഇരുത്തികുഴിച്ചിടുകയാണ് പതിവ്. ആർക്കാട്ടിലും ചിങ്കൽപേട്ടയിലും അധിവസിക്കുന്ന കുറവരുടെയിടയിൽ വ്യഭിചാരത്തിന് ഏറ്റവും കഠിനമായ ശിക്ഷ നല്കപ്പെടുന്നു. മലയാളത്തിലെ കുറവരിൽ നിന്നും വ്യത്യസ്തമായ ആചാരങ്ങൾ ഇവർ

പുലർത്തിപ്പോരുന്നു. മരിച്ചുകഴിഞ്ഞാൽ ഗുഹകൾ പണിഞ്ഞു പൂജനടത്തുന്നവരും ദുദ്ദേവതകളെ ഉപാസിച്ച് സമൂദായനീതി പുലർത്തുന്നവരും ഗിരിവാസികളിൽ ഉണ്ട്. കേരളത്തിൽ ഗിരിവാസികളെസംബന്ധിച്ചു പഠനം നടത്താൻ 18ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ ഒരു ശ്രമം നടത്തുകയുണ്ടായി. അക്കാലത്തു നടപ്പിലുണ്ടായിരുന്ന അടിമവ്യാപാരം നിറുത്തലാക്കാനും ഗിരിവർഗ്ഗങ്ങളെ മോചിപ്പിക്കാനും അധികൃതർക്ക് സാധിച്ചു. 1871ലെ കണക്കുപ്രകാരം മലബാറിൽമാത്രം ഒരുലക്ഷം ഗിരിവാസികളുണ്ടായിരുന്നു. മതംമാറ്റം കൊണ്ടു ജനസംഖ്യ കുറഞ്ഞു. മണ്ണാൻ, മുടവർ, മലയുള്ളഞ്ഞർ തുടങ്ങിയ ചില ഉപവിഭാഗങ്ങളെ ഇപ്പോഴും നിലംപൂർകാടുകളിലും കണ്ണൻദേവമലകളിലും അട്ടപ്പാടിമലകളിലും കാണാം.

ഗിരിവർഗ്ഗവാസികളുടെ ഭാഷ തമിഴ്, തെലുങ്ക്, തുളു, മലയാളം എന്നിവയുടെ ഒരു മിശ്രമാണ്.ഇവർക്ക് ഐതീഹാസികകഥകളും വീരാപദാനഗാനങ്ങളും സാംസ്കാരികസംപത്തായി ലഭിച്ചിട്ടുണ്ട്.അലിഖിതമാണെങ്കിലും പല കാലങ്ങളായി പല കണ്ഠങ്ങളിൽ കൂടി പകർന്നെത്തിയ പാട്ടുകളിൽ ചരിത്രാംശങ്ങളും ആചാരവിശേഷങ്ങളും തങ്ങിനില്ക്കുന്നുണ്ട്. യുദ്ധവീരകഥകൾ, മൃഗയാവിനോദം, ഭജനം, താലികെട്ട് തുടങ്ങിയവയെപ്പറ്റി ലളിതസുന്ദരമായി ആവിഷ്കരിച്ചിട്ടുള്ള അവരുടെ ഗാനസംപത്തു നമ്മുടെ ഗാനസംവിധായകർക്കു പകർത്താവുന്നതാണ്. ഒരു പാട്ടിന്റെ ആദ്യഭാഗം ഇങ്ങനെയാണ്.

അൻപനുക്കും ഏലേലം
അൻപനടി ഏലേലം
അൻപനുക്കും അൻപനടി
ഏലേലം ഏലേലം

കൂട്ടം കൂടിയുള്ള സമൂഹനൃത്തത്തിന്റെ ചുവടുവയ്പനുസരിച്ചാണ് ഈ ഗാനം ആലപിക്കുന്നത്. കേരളസംസ്കാരത്തിന്റെ ശ്രാവ്യദർശനകലകളായ തുയിലുണർത്തുപാട്ടിൻറേയും വേലർപാട്ടിൻറേയും കൂത്തിൻറേയുയം കൂടിയാട്ടത്തിൻറേയും പ്രാകൃതരൂപങ്ങളാണു കുടകിലും നീലഗിരിമലകളിലും തിരുവിതാംകൂർ മലകളിലും ഗിരിവാസികളുടേതെന്ന് പറയാം. ഭാഷഗ്രാഹ്യമല്ലെങ്കിലും സംപൂർണ്ണമായ അർത്ഥമുൾക്കൊള്ളുന്ന പദങ്ങൾ അതിൽ ഉൾക്കൊള്ളുന്നുണ്ടെന്ന് ഭാഷാഗവേഷകർക്കു കണ്ടുപിടിക്കാൻ കഴിയും. ഒരു പഴഞ്ചൊല്ല് ഈരടിയിലാക്കിയിട്ടുള്ളത് ഇങ്ങനെയാണ്.

പുത്തരി മണിപ്പെറും കീക്കയില്ല
പുത്തൻമടിച്ചീല പെറും ഇല്ല.

പുതിയ മണിപ്പയറ് തലയിൽനിന്നിറക്കി മറ്റൊരാൾക്ക് കൊടുക്കുകയില്ല അതുപോലെ പുത്തൻമടിശ്ശീലക്കാരൻ അന്യർക്ക് ദാനം ചെയ്യുകയുമില്ല. ഇതാണ് ആ ഈരടിയുടെ സാരം.

അദ്ധ്വാനശീലരായ ഈ ഇരുണ്ട ജീവികൾക്കു സൌന്ദര്യബോധവും സാമൂഹ്യബോധവുമുണ്ട്. അവരുടെ ഗാനങ്ങൾ അതാണ് പ്രഖ്യാപിക്കുന്നത്. കാർമേഘപടലങ്ങളാൽ ആവൃതമായ അന്തരീക്ഷം നോക്കിക്കാണുന്ന കർഷകന്റെ ഭാവനയും യൌവനയുക്തയായ കന്യകയുടെ മദാലസമായ വികാരങ്ങളും ആകർഷകമായ രീതിയും സൌന്ദര്യബോധത്തിന്റെ നിദാനങ്ങളായി ഗിരിവർഗ്ഗവാസികളിൽ കാണാൻ കഴിയും. അല്ലലും ആപത്തും എന്തെന്നറിയാത്ത ഇവരുടെ പ്രയത്നഫലം പല കാലങ്ങളായി പരിഷ്കൃതരായ പലരും തട്ടിയെടുക്കുകയാണ്. അന്ധവിശ്വാസത്തിൽ ആണ്ടുകിടക്കുന്ന ഇവരെ സമുദ്ധരിക്കേണ്ടതാണ്. നമ്മുടെ ശാസ്ത്രീയനേട്ടങ്ങൾക്ക് അതിൻറേതായ സ്ഥാനം ലഭ്യമാകണമെങ്കിൽ ആദിവാസികളെപ്പറ്റി അറിയാനും മറ്റുള്ളവരെ അറിയിപ്പിക്കാനും ശ്രമിക്കണം. ആ ഇരുണ്ടവർഗ്ഗം നമ്മുടെ കണ്ണുകൾ ചെന്നെത്താത്ത ഒരു ഭാഗമാണെന്നും നാം മനസ്സിലാക്കണം. മറ്റു രാജ്യങ്ങളിൽ രാജ്യത്തിന്റെ ഭൂമിശാസ്ത്രവും ചരിത്രവും രൂപപ്പെടുത്തുംപോൾ ആദിമനിവാസികൾക്കു ഗണനാർഹമായ സ്ഥാനം നല്കാറുണ്ട്. പക്ഷെ കേരളം അക്കാര്യത്തിൽ ഇന്നും പിന്നണിയിലാണ്.ചരിത്രത്തോടൊപ്പം സമൂഹവികാസത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ശാസ്ത്രീയപ്രവർത്തനത്തോടൊപ്പം കേരളത്തിൽ ആദിവാസികളെപ്പറ്റിയുള്ള നരവംശപഠനവും ആരംഭിക്കണം.

# മലയാളികൾ

പരിഷ്കൃതസാമൂഹ്യജീവിതത്തിൽ ഒരധികപ്പറ്റാണെന്നു ചിലർ ഗണിക്കുന്നവരാണു മലവർഗ്ഗനിവാസികൾ. പക്ഷെ അവരിൽ നിന്ന് ഒരു കാലത്ത് ഒളിച്ചുചാടിപ്പോന്നവരാണ് പരിഷ്കൃതരിൽ പലരുമെന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല. വിദ്യാഭ്യാസവും സാംപത്തികക്രമവും സാമൂഹ്യജീവിതത്തിന്റെ ചിത്രം മാറ്റിവരച്ചുകൊണ്ടിരിക്കുമല്ലോ. ആദിമനുഷ്യന്റെ സ്വഭാവവിശേഷങ്ങൾ പ്രതിനിധാനം ചെയ്യുന്ന വലിയ ഒരു ജനവർഗ്ഗം ഇന്നും ഗിരിതടങ്ങളിലും തീരദേശങ്ങളിലും അധിവസിക്കുന്നുണ്ട്.ഏഷ്യയിലെ സാംസ്കാരികനവോത്ഥാനങ്ങളിലൊന്നും വലിയ താല്പര്യം പ്രകടിപ്പിക്കാതെ അപരിഷ്കൃതാചാരങ്ങളെ പുണർന്നുകഴിയുന്ന ആയിരത്തിലധികം വർഗ്ഗങ്ങളെ നരവംശശാസ്ത്രജ്ഞന്മാർ ചേരിതിരിച്ചു നിറുത്തുന്നു. ഇൻഡ്യയിൽതന്നെ ഒരു കോടിയിൽ താഴെ ആദിവാസികളുണ്ടെന്നാണ് ഔദ്യോഗികരേഖകൾ വെളിപ്പെടുത്തുന്നത്. ദക്ഷിണേൻഡ്യയിലെ പട്ടികജാതിവർഗ്ഗത്തിലും ആദിവാസികളിലും പെടുന്നവർ നാനൂറിലേറെ ജാതികളായി തിരിക്കപ്പെട്ടിരിക്കുന്നു. ഇവരിൽ അലക്ഷ്യമായി സഞ്ചരിക്കുന്നവരും കുടിയേറിസ്ഥിരവാസമുറപ്പിച്ചവരും ഉൾപ്പെടുന്നു. അവരുടെ ആചാരക്രമങ്ങളെപ്പറ്റിയും ജീവിതസംവിധാനത്തെക്കുറിച്ചും നരവംശവിജ്ഞാനികൾ സംഭരിച്ചിട്ടുള്ള വിവരങ്ങൾ ശ്രദ്ധേയങ്ങളാണ്.

ദക്ഷിണേൻഡ്യൻ പിന്നോക്കവർഗ്ഗങ്ങളെപ്പറ്റി അരനൂറ്റാണ്ടിനുമുംപു സവിസ്തരം പഠനം നടത്തിയ തെഴ്സ്റ്റനും അനന്തകൃഷ്ണയ്യരും മോർഗനും അവഗണിക്കപ്പെട്ട പല ജാതികളേയും ചരിത്രരേഖകളിലേക്ക് മാറ്റിയതു പ്രയോജനപ്രദമായി. തമിഴ്നാട്ടിലും കർണ്ണാടക പ്രദേശങ്ങളിലും മലയുടെ അടിവാരങ്ങളിൽ അധിവസിക്കുന്നവരിൽ പ്രാമുഖ്യമുള്ള ഒരു വർഗ്ഗമാണ് മലയാളി. മലയാളഭാഷ സംസാരിക്കുന്നവരല്ല കാടന്മാരായ മലയാളികൾ. മലയുടെ മക്കളായ മലയാളികൾക്കു കേരളവുമായി വലിയ ബന്ധമില്ല. ഊരുചുറ്റി സഞ്ചരിക്കുന്ന മലയാളിവർഗ്ഗത്തിന്റെ സാമൂഹ്യാചാരങ്ങൾക്കു മറ്റു മലവർഗ്ഗക്കാരിൽനിന്നു ചില വ്യത്യസ്തതകൾ കാണാം. ആചാരാനുഷ്ഠാനങ്ങളിൽ ഗിരിവാസികളിൽ പരിഷ്കൃതരാണെന്നഭിമാനിക്കുന്ന മലയാളികളുടെ വിവാഹജീവിതം തന്നെ വിനോദപ്രദമാണ്. ശൈശവവിവാഹം നടപ്പുള്ള മലയാളികളിൽ അടുത്തകാലം വരേയും പുത്രനുപകരം പുത്രന്റെ പിതാവ് ഭർത്താവായി തുടർന്നിരുന്നു. പുരുഷനേക്കാൾ ഇരട്ടി വയസ്സാകാം വിവാഹകാര്യത്തിൽ സ്ത്രീകൾക്ക്. ഭർത്താവിന്റെ അച്ഛനുപകരം സ്ത്രീക്ക് ഇഷ്ടമുള്ള ആരായാലും വിവാഹം സ്വീകരിക്കാം. വിധവയെ വീണ്ടും വിവാഹം കഴിക്കാൻ പാടില്ലെങ്കിലും ഭൃത്യയായെടുത്തു പരിരക്ഷിക്കാം. അങ്ങിനെ വിധവയായ ഭൃത്യക്ക് സന്താനങ്ങളുണ്ടായാൽ ആ കുട്ടികളെ ‘ പച്ചമലൈദേവി‘ യുടെ കുട്ടികളായി പരിഗണിക്കും. വ്യഭിചാരം മലയാളിയുടെ അലിഖിതനിയമപ്രകാരം തെറ്റാണെങ്കിലും, അങ്ങിനെ സംഭവിച്ചാൽ പണം പിഴയൊടുക്കി രക്ഷനേടാം. വ്യഭിചാരസന്തതികളുടെ ഉത്തരവാദി മലയാളിചിട്ടയനുസരിച്ച് പുരുഷനാണ്. അനാഥരായ കുട്ടികളെ ‘ കൌണ്ടർ‘ എന്ന ഊരുപ്രമാണിക്ക് വിട്ടുകൊടുക്കും. പിഴച്ചപെണ്ണിന്റെ പ്രേതബാധ ഒഴിക്കാൻ ഗ്രാമവാസികൾക്കു കൂട്ടായ നാമവും ജപവും ഉണ്ട്.

വിവാഹാന്വേഷണാർത്ഥം വരന്റെ പിതാവു പുറപ്പെടും. പെണ്ണിനെകണ്ടു കഴിഞ്ഞാൽ ഒരു സദ്യനടത്തി ഗ്രാമത്തലവനേയും പുരോഹിതനേയും സംതൃപ്തനാക്കണം. വിവാഹച്ചടങ്ങു കൈരണ്ടും കോർത്തുപിടിച്ച് ജപിച്ച വെള്ളം ഒഴിക്കുന്നതോടെ ആരംഭിക്കുന്നു. വധു ചുരുങ്ങിയതു മൂന്നു ദിവസമെങ്കിലും കരയണം. കരയാൻ കഴിയാത്ത വധു നിർഭാഗ്യവതിയായിരിക്കും. വടക്കൻ ആർക്കാട്ടിലെ മലയാളികൾ നാട്ടൻ എന്നറിയപ്പെടുന്ന പതിനെട്ടു നേതാക്കന്മാരുടെ കീഴിൽ ഉപവിഭാഗങ്ങളായി അധിവസിക്കുന്നു. പെരിയനാടൻ എന്ന ഗ്രാമത്തലവന്നു സിവിലും ക്രിമിനലുമായ അധികാരങ്ങളുണ്ട്. അതനുസരിച്ച് രക്ഷാശിക്ഷകൾ നടത്തും. കാളീപൂജയിൽ വ്യാപൃതരായിരിക്കുന്ന മലയാളിക്കു പൂജാകാലങ്ങളിൽ സ്ത്രീകളെ കാണാൻ പാടില്ല. അരൂപിയായനാച്ചിയെന്ന ദേവതയെയും മലയാളികൾ ആരാധിക്കാറുണ്ട്. പ്രാചീന ഗ്രീക്കുകാരെപ്പോലെ അഗ്നിയുടേയും കൊടുങ്കാറ്റിൻറേയും ശക്തിയായി നാച്ചിയെ പരിഗണിക്കുന്നു. ഗണപതിയുടെ വിഗ്രഹങ്ങളും എഴുന്നള്ളിക്കാറുണ്ട്. ദുർദേവതകളും മലയാളികൾക്കുണ്ട്. പകർച്ചവ്യാധി, കൃഷിനാശം, തുടങ്ങിയ നാശകാരണങ്ങൾക്കു ദുർദേവതകൾക്കാണു വഴിപാടു നൽകുക. കാലാന്തരത്തിൽ പത്നിയെ ബലി തുടങ്ങി. മസൂരി, കുഷ്ഠം തുടങ്ങിയ പകർച്ചവ്യാധിക്കാരെ ആട്ടിയോടിക്കുന്നതിലാണു താല്പര്യം.

നായാട്ടിനു പ്രസിദ്ധിയാർജ്ജിച്ച പാളയന്റെ നേതൃത്വത്തിൽ ‘പൊങ്ങൽ‘ എന്ന വാർഷികാഘോഷക്കാലത്ത് മലയാളികൾ മലകയറി മൃഗയാവിനോദത്തിലേർപ്പെടും. ഈ ശിക്കാറുകഴിഞ്ഞാൽ ഉത്സവം അവസാനിച്ചു. നല്ലനായാട്ടുകാരനു ഗ്രാമത്തലവൻ സമ്മാനങ്ങൾ നല്കുന്നു. എല്ലാവേഷവും സമ്മാനത്തിന്നർഹനാകുന്ന 'നായാടിപാളയൻ' ഒരു നേതാവായിതീരും. സൈനികപരിക്ഷണത്തിലൂടെ രാജാധികാരത്തിലേക്ക് ഉയരുന്നതിന്റെ പ്രാചീന കാടൻ നിയമമാണിത്.

വില്ലാളികൾക്കു കാടന്മാരുടെയിടയിലും ബഹുമാന്യമായ സ്ഥാനമാണുള്ളതെന്ന് ഈ സംപ്രദായം വെളിപ്പെടുത്തുന്നു. ധാന്യവും മൃഗങ്ങളും കൈമാറ്റംചെയ്യുന്നതിന്റെ കണക്കുകൾ സൂക്ഷിക്കുന്നത് ചരടിൽ കെട്ടുകളിട്ടാണ്. പച്ചമഷിയിൽ വിരൽമുക്കി തോലിൽ അടയാളപ്പെടുത്തുന്ന സംപ്രദായമുണ്ട്. മലയാളിവർഗ്ഗത്തിൽ നിന്ന് തെറ്റിപ്പിരിഞ്ഞ ചില വിഭാഗങ്ങൾ വണ്ണാൻ, മങ്ങാടൻ, മട്ടിയാമലയൻ, മലയരയൻ തുടങ്ങിയ പേരുകളിൽ കേരളത്തിലെ ഗിരിതടങ്ങളിലും താമസിച്ചിരുന്നു. സ്വന്തം അണികളിൽ നേതൃത്വവടംവലിവരുംപോൾ തെറ്റിപ്പിരിയുന്നു അതോടെ ശത്രുചേരി സൃഷ്ചിച്ച് ആചാരങ്ങൾക്കു വ്യത്യാസങ്ങൾ വരുത്തും. ബലഹീനന്മാർ നാടുവിട്ടുപോകും. വാർഷികാഘോഷങ്ങൾ പലതും കലാപത്തിൽ കലാശിക്കാറുണ്ട്. മദ്യപാനം ഒരു സാമൂഹ്യസ്വഭാവമായിത്തീർന്നതുകൊണ്ടു കലാപം സാധാരണ ഉണ്ടാകാറുണ്ട്. മലയാളിയുടെ ആധിപത്യം സ്ഥാപിക്കാൻ ദീർഘകാലത്തെ വനാന്തരസമരങ്ങൾ തന്നെ നടന്നിട്ടുണ്ട്. അത്തരം സമരങ്ങളിൽ നിന്നും ആരുമാരും രക്ഷനേടാതാകുംപോൾ അന്യോന്യം ബഹിഷ്കരിക്കും. പരസ്പരം ജാതിഭ്രഷ്ടരാക്കുന്ന മലേവർഗ്ഗക്കാർ അയിത്താചാരങ്ങൾ നടപ്പാക്കും. ഇവരിൽ മക്കത്തായികളേയും മരുമക്കത്തായികളേയും കാണാം. മലയാളികളിൽ നിന്നു തെറ്റിപ്പിരിഞ്ഞ മൊരസുകൾ വിവാഹത്തിന്നു കാതുകുത്തുംപോൾ മറ്റൊരു വർഗ്ഗമായ മുടവാങ്ങികൾ മൂക്കുകുത്തി വളയമിടുന്നു. ചിലർ ബഹുഭർതൃത്വം പാലിക്കുന്നു. പഴയ ദേവദാസിസംപ്രദായത്തിനോട് സാമ്യമുള്ള ഒരു ജീവിതാചാരം ആന്ധ്രയിലെ മലയാളികൾ പാലിച്ചിരുന്നു. ഇഷ്ടദേവന്റെ ദാസിയായി ചേർന്ന് സന്താനോല്പാദനം നടത്താം. അത്തരം സന്തതികൾക്കു ദേവീദേവന്മാരുടെ പേരുകളിട്ടാൽമതിയാകും.

മലയാളികളിൽ ഭിന്നിപ്പു ശക്തിയായിതീർന്നത് ഈ നൂറ്റാണ്ടിന്റെ പ്രഥമഘട്ടത്തിൽതന്നെയാണ്. ദക്ഷിണേന്ത്യയിലെ നാല്പതു മലകളിലെ അധിവാസാവകാശമുണ്ടായിരുന്ന മലയാളിവർഗ്ഗം ചെറിയ ഗ്രൂപ്പുകളായി പിരിഞ്ഞു. പറയർ, പുലയർ, ഉള്ളാടൻ തുടങ്ങിയ ഉപവിഭാഗങ്ങളെപ്പോലെ മലയാളികളിലും ചേരികളുണ്ടായി. നായാട്ട്, കൃഷി, നെയ്ത്ത്, മരം മുറിക്കൽ തുടങ്ങിയ പല തൊഴിലുകളിലും ഉൾപ്പെട്ടു. തൊഴിലനുസരിച്ച് ജാതി തിരിക്കലും അതനുസരിച്ച് ആചാരങ്ങളുമുണ്ടായി. ഗിരിവർഗ്ഗസർവ്വേ പൂർണ്ണമായിക്കഴിഞ്ഞാൽ പഴക്കമുള്ള ആചാരങ്ങളെ സംബന്ധിച്ച് മഹാഗ്രന്ഥങ്ങൾ രചിക്കാൻ കഴിയും. പ്രാചീനകാലത്തെ അലിഖിതസംപ്രദായം, സാമൂഹ്യജീവിതം, കൂലിവേലയെ സംബന്ധിക്കുന്ന നിയമങ്ങൾ തുടങ്ങിയ വിവിധങ്ങളായ വിഷയങ്ങളിലൂടെ ഗിരിവാസികൾ ആരാണെന്നു ഗ്രഹിക്കുവാൻ കഴിയും. ഗിരിവർഗ്ഗവാസികളുടെ ഇംപമുള്ള ഗാനസംപത്തും നൃത്തവും വനോത്സവങ്ങളും കലാരംഗത്തേക്കു തേച്ചുമിനുക്കി പകർത്താൻ കഴിയും.

ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന അവസരസമത്വത്തിന്റെ മഹത്വം ഗിരിവാസികൾ ഗ്രഹിച്ചുകഴിഞ്ഞാൽ നമ്മുടെ ജനസംഖ്യയുടെ നല്ലൊരു ഭാഗമായി അവർ ഉയരും. പിന്നോക്കാനുകൂല്യങ്ങൾ നാട്ടിലും നഗരങ്ങളിലും നിർത്തിക്കഴിഞ്ഞാലും മലവാസികൾക്കായി അതു നീട്ടിവെക്കേണ്ടിവരും. ഗിരിവാസികളെ ഒന്നിപ്പിച്ച് ഉയർത്താൻ സാമൂഹ്യസേവകന്മാരുടെ നിരന്തരമായ ശ്രമത്തിനേ കഴിയൂ. കാരണം അവരിന്നും ഇരുണ്ട നൂറ്റാണ്ടിൽ ഇഴഞ്ഞുകഴിയുകയാണ്.

# ഗിരിജനത

സമൂഹഘടനക്കു മാറ്റം വരുംപോൾ മനുഷ്യനിർമ്മിതമായ ജാതികളുടേയും അവാന്തരവിഭാഗങ്ങളുടേയും അതിർത്തി രേഖകൾക്കു സ്ഥാനമില്ലാതാകുന്നു. ചരിത്രപുരോഗതിയുടെ അനുപേക്ഷണീയപ്രശ്നമാണത്. പക്ഷെ നരവംശശാസ്ത്രവും അതിൽനിന്നു ഉത്തേജനമാർജ്ജിച്ചു വളരുന്ന സാമൂദായികശാസ്ത്രവും പഠനവിഷയമായി നിൽക്കും. ഗവേഷണപ്രധാനമായ പ്രസ്തുത വിഷയങ്ങൾക്ക് അവലംബമായി നിൽക്കുന്നതു ആദിവാസികളും അവരുടെ ആചാരസ്വഭാവങ്ങളും സാമൂഹ്യജീവിതവുമാണ്. കേരളത്തിലെ സാംസ്കാരികചേരിയിൽ സ്ഥാനമാർജ്ജിച്ചിട്ടില്ലാത്ത വൈജ്ഞാനികശാഖകളിലൊന്നാണു ഗിരിജനങ്ങളെ സംബന്ധിച്ചുള്ള പഠനം. കേരളത്തിലെ വനപ്രദേശങ്ങളിലും തീരപ്രദേശങ്ങളിലുമാണ് ഈ രാജ്യത്തിന്റെ പൂർവ്വകാലസംസ്കാരത്തിന്റെ സന്തതികൾ അധിവസിക്കുന്നത്. ഗിരിതടങ്ങളിൽ താമസിക്കുന്നവരെ അപരിഷ്കൃതരായിട്ടാണ് ഇക്കാലമത്രയും ഗണിച്ചുപോന്നത്. ആധുനികപരിഷ്കാരത്തിന്റെ യശോധാവളും അവരുടെ ഇരുണ്ട ജീവിതത്തിലേക്ക് വേണ്ടത്ര പ്രവേശിച്ചിട്ടില്ല. പരിഷ്കൃതജനത പുലർത്തിപ്പോരുന്ന പാരംപര്യമായ ആചാരങ്ങൾ അതിന്റെ ശുദ്ധമായ രൂപത്തിലും ഭാവത്തിലും ഗിരിവാസികളിൽ കാണുന്നുണ്ട്. കാപട്യവും വഞ്ചനയും അവർ പരിശീലിച്ചുകഴിഞ്ഞിട്ടില്ലെന്ന ഒരു ഗുണവും അവരിൽകാണാം. കേരളത്തിലെ തൊഴിൽജാതികളായ കുഴവൻ, കുലാലൻ, കന്നാൻ, കവരൻ, കൊല്ലൻ, ചെമ്മാൻ, പരവൻ, പറയൻ, പുള്ളുവൻ, ചേരമർ തുടങ്ങിയവരോട് ആചാരമുറകൊണ്ട് അഭേദ്യമായ ബന്ധമുള്ളവരാണു ഗിരിവർഗ്ഗങ്ങൾ. ഇവരിൽ മക്കത്തായിയും മരുമക്കത്തായിയും ഉണ്ട്. ഔദ്യോഗികാന്വേഷണറിപ്പോർട്ടുപ്രകാരം കേരളത്തിലെ മലയോരങ്ങളിൽ മലപ്പുലയർ, കാടർ, മലയരയർ, കൊച്ചുവേടർ, മലവേടർ, കാണിക്കാർ, മലപ്പണ്ടാരം, മലയർ, മണ്ണാൻ, മുതുവർ, ചാലിയാർ, ഉള്ളാടർ, ഊരാളി വിഷവർ, അരനാടർ, കാട്ടുനായ്ക്കർ, കുറുമർ, പണിയർ, എന്നീ ജാതികളേ കാണുകയുള്ളു. പക്ഷെ ജാതികളും, ഉപജാതികളുമായി എഴുപതിലധികം വിഭാഗങ്ങളുണ്ടു ഗിരിവർഗ്ഗക്കാരുടെയിടയിൽ. ഇവർക്ക് ആചാരങ്ങളിൽ ലഘുവായ വ്യത്യാസങ്ങൾ കാണാം. വേടരും തോടരും കുറിച്ചിക്കമ്മാളനും ഇരുളരും മറ്റും സംഖ്യാബലമുള്ള ഗിരിവാസികളാണ്. ഇൻഡ്യയിലാകെയുള്ള രണ്ടുകോടി ഗിരിവാസികളിൽ ഒരു ലക്ഷത്തോളം കേരളത്തിലധിവസിക്കുന്നവരാണ്. ഭാഷാസംസ്ഥാനപ്പിറവിയിൽ ചില ഗിരിപ്രദേശങ്ങൾ തമിഴ്നാട്ടിൽ ചേർന്നെങ്കിലും ജനസംഖ്യക്കു വലിയ കുറവൊന്നും വന്നിട്ടില്ല.

സാമൂഹ്യസംഘടനയുടെ സൃഷ്ടിയായ വർഗ്ഗവ്യത്യാസത്തിന്റെ ദൌർബല്യങ്ങൾ നികത്തുവാനാണ് ആധുനികശാസ്ത്രം ശ്രമിക്കുന്നത്. എല്ലാ വർഗ്ഗങ്ങളുടേയും സാധ്യതകൾ ഒന്നുതന്നെയാണെന്നും അതിനെതിരായ സിദ്ധാന്തം മിഥ്യാബോധത്തിൽ നിന്നുടലെടുത്തതാണെന്നും നരവംശശാസ്ത്രജ്ഞന്മാർ സയുക്തികം സമർത്ഥിക്കുന്നു. നിറം, രോമം, പൊക്കം എന്നിവയെ ആസ്പദമാക്കി പുരാതന ഗ്രീസിൽ വർഗ്ഗങ്ങൾ തിരിച്ചുനിർത്തിയപോലെ നമ്മുടെ രാജ്യത്തു തൊഴിലാണ് തരം തിരിവിന്നു മാനദണ്ഡമായെടുത്തത്. ചാതുർവർണ്യത്തിന്റെ ചരിത്രം അതാണ് വ്യക്തമാക്കുന്നത്. ദക്ഷിണേൻഡ്യയിൽ പിന്നോക്കവർഗ്ഗങ്ങളേയും ആദിവാസികളേയും തരംതിരിച്ചു കാണിക്കാൻ പലരും പല ഘട്ടങ്ങളിലും ശ്രമിച്ചിട്ടുണ്ട്. വിഭിന്നഗ്രൂപ്പുകൾ കൂടുതൽ കാണുന്നത് തെലുങ്കുനാട്ടിലാണ്. തമിഴ്നാട്ടിലും കേരളത്തിലും അധിവസിക്കുന്ന ആദിവാസികൾ ഭൂരിപക്ഷവും തെലുങ്കും തമിഴും മലയാളവും കലർന്ന മിശ്രഭാഷയാണ് സംസാരിക്കുന്നത്. പൌരാണിക ദ്രാവിഡസംസ്കാരമാണ് ഇവരുടെ ജീവിതത്തിൽ നിഴലിക്കുന്നത്, മാംസഭോജികളാണ് ഗിരിവാസികളെങ്കിലും സസ്യഭുക്കുകളേയും അവരുടെയിടയിൽ കാണാം. ജനനം, വിവാഹം, മരണം തുടങ്ങിയ കാര്യങ്ങളിൽ ഇവർ അനുവർത്തിക്കുന്ന ആചാരങ്ങളിൽ പലരും കേരളത്തിലെ ഗ്രാമവാസികളും പട്ടണവാസികളും തുടരുന്നുണ്ട്. മരണശേഷമുള്ള ബലിയിടലും പുലയാചാരവും ഗിരിജനങ്ങളുടെ ഇടയിൽ നിഷ്കർഷയോടെ നടത്തപ്പെടുന്നു. കൃഷി, നായാട്ട്, മന്ത്രവാദം തുടങ്ങിയ തൊഴിലുകളിലാണ് കേരളത്തിലെ ഗിരിജനങ്ങൾ ഏർപ്പെട്ടിട്ടുള്ളത്. ഇവർക്ക് ഉഗ്രമൂർത്തികളായ പരദേവതകളും പൂജയും ഹോമവും നടത്തുന്നു. കാവുകളുമുണ്ട്. പുരോഹിതന് സമൂദായമദ്ധ്യേ ബഹുമാന്യപദവിയുണ്ട്. ദക്ഷിണേൻഡ്യയിലെ ഗിരിജനങ്ങളുടെ സാമൂഹ്യജീവിതം ചില ജനാധിപത്യസിദ്ധാന്തങ്ങൾക്കനുസൃതമായാണ് കരുപ്പിടിച്ചിട്ടുള്ളത്. പൌരോഹിത്യത്തിന്റെ ആധിപത്യം അംഗീകരിക്കുകയല്ല; പ്രത്യേത ഗ്രാമപഞ്ചായത്തുകളുടേയും നാട്ടുകൂട്ടസഭകളുടേയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയായി പുരോഹിതൻ കാര്യം കയ്യാളുകയാണ് ചെയ്യുന്നത്. അപരിഷ്കൃതമായ ആചാരമുറകളിൽപോലും ചില അലിഖിത നിയമശാസനങ്ങളാണ് അവരെ നിയന്ത്രിക്കുന്നത്. കലമറുത, പച്ചതോലാടി, ആയിരവല്ലി, ഒറ്റമുലച്ചി, പിള്ളതീനിക്കാളി, അന്തിമേതാളൻ, മകാമേതാളൻ, ചാമുണ്ഡി തുടങ്ങി ക്ഷുദ്രദേവതകളെ പൂജിക്കുന്ന ദുർമന്ത്രവാദികളും നിയമശാസനത്തിന് മുൻപിൽ തുല്യരാണ്. അജ്ഞാതരായ ഗിരിജനനേതാക്കന്മാർ നടപ്പാക്കിയ ആ നിയമശാസനം അവരുടെ സാമൂഹ്യജിവിതത്തെ കെട്ടുറപ്പുള്ളതാക്കിയിട്ടുണ്ട്.

ഉത്തർപ്രദേശിലേയും ആസാമിലേയും ഗിരിജനങ്ങളിൽ നിന്ന് കേരളത്തിലെ ഗിരിജനങ്ങൾ പല കാര്യങ്ങളിലും വ്യത്യസ്ഥരാണ്. ഉത്തരേൻഡ്യൻ ഗിരിവാസികൾ ദുർദേവതകൾക്കുവേണ്ടി ഇന്നും നരബലി നടത്തുന്നുണ്ട്. അന്ധവിശ്വാസജടിലമായ ആ ക്രൂരഭക്തിപ്രകടനം മൃഗങ്ങളിലാണ് കേരളഗിരിജനങ്ങൾ നിർവഹിക്കുന്നത്. അട്ടപ്പാടിയിലും നിലംപൂരിലും തിരുവിതാംകൂറിലെ കാടുകളിലും കാണുന്ന കൃഷീവലന്മാരായ ഗിരിവാസികൾക്ക് പരിഷ്കൃതജനസമുദായവുമായി ഇടപെഴകണമെന്ന് തോന്നിതുടങ്ങിയിട്ടുണ്ട്.

**ആചാരങ്ങൾ**

കേരളഗിരിവാസികളുടെ ആചാരങ്ങൾ രസാവഹങ്ങളാണ്. ആന്ധ്രയിലും നീലഗിരിപ്രദേശങ്ങളിലും തമിഴ്നാട്ടിലും അധിവസിക്കുന്നവരിൽ നിന്നും ലഘുവായ വ്യത്യാസങ്ങൾ കേരള വനവാസികളിൽ കാണുമെങ്കിലും ജാത്യാചാരങ്ങളിൽ ദക്ഷിണേൻഡ്യൻ ഗിരിജനങ്ങൾക്ക് ഐക്യരൂപമുണ്ട്. നീലഗിരിയിലുള്ള വനവാസികളാണ് കേരളത്തിലെ വനവാസികളുടെ കുലഗുരുക്കൾ. അവരുടെ ചടങ്ങുകൾ പിൻതുടരുന്നതിൽ ഔത്സുക്യമുള്ളവരാണ് നമ്മുടെ ഗിരിജനസുഹൃത്തുക്കൾ. നീലഗിരിയിലെ സംഖ്യാബലമുള്ള ഇരുളൻ വിവാഹത്തിനും ചീത്തദിവസമായി ഗണിക്കുന്നത് ശനിയാഴ്ചയാണ്. ശനിയെപ്പറ്റി അവർക്കത്ര ബോധ്യമുണ്ട്. പ്രസവിച്ചയുടനെ അമ്മ മരിച്ചാൽ കുട്ടിയേയും ജീവനോടെ കുഴിച്ചിടുന്ന സംപ്രദായം ഇവരുടെയിടയിലുണ്ട്. മരിച്ച മനുഷ്യന്റെ തല മുണ്ഡനം ചെയ്ത് ഇരുത്തി കുഴിച്ചിടുകയാണ് ചെയ്യുന്നത്. ചിലരെ കമഴ്ത്തി കിടത്തിയും മറവുചെയ്യാറുണ്ട്. അർദ്ധനഗ്നനായ ഇരുളൻ കടുത്ത തണുപ്പിലും മേൽ വസ്ത്രം ഉപയോഗിക്കുകയില്ല. വിധവാവിവാഹം കഴിക്കാം. സ്ത്രീ സ്വതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ട്. പുരോഹിതൻ കലി തുള്ളി പറയുന്നതിന്റെ അർത്ഥം ഓരോരുത്തരും വ്യാഖ്യാനിച്ച് അദ്ദേഹത്തെ അമാനുഷികശക്തിയുള്ളവനാക്കി ബഹുമാനിക്കുന്നു.

ഉള്ളാടനും, എറവള്ളനും കേരളത്തിലെ നാടൻ ആചാരങ്ങളുമായി ഇടപഴകിതുടങ്ങിയിരിക്കുയാണ്. എന്നാലും പാരമ്പര്യം ഇന്നും ചിട്ടയോടെ അനുഷ്ഠിക്കുന്നവരുണ്ട്. മീൻപിടുത്തക്കാരായ ഉള്ളാടന്മാർ ഇഴജന്തക്കളേയും കണ്ടാൽ വിടുകയില്ല. വിവാഹപ്രായമായ പെണ്ണിനെ മരച്ചില്ലകളാൽ നിർമ്മിച്ച ഒരു കൂട്ടിൽ ഇരുത്തുന്നു. ചില യുവാക്കൾ തേൻപുരട്ടിയ മുളക്കമ്പുകൾ ആ കൂട്ടിനകത്തേക്ക് ഇട്ട് കുത്തുന്നു. അതിലേതെങ്കിലും ഒന്നിൽ പെണ്ണുപിടിച്ചാൽ ആ കമ്പിന്റെ ഉടമസ്ഥൻ ഭർത്താവായിതീരുന്നു. മരണാവശ്യത്തിന് 15 ദിവസം പുലയാചരിക്കുന്ന ഉള്ളാടൻ കുളിച്ചുവരുംപോൾ അവനെ ക്ഷുരകൻ ചാണകവെള്ളം തളിച്ചു ശുദ്ധമാക്കുന്നു. മരുമക്കത്തായികളായ ഇവർ ഉന്നതകുലജാതരാണെന്ന് വിശ്വസിക്കുന്നു. ചെറുമരുമായി തൊട്ടുനിൽക്കാൻ ഇവർക്കിഷ്ടമില്ല. എറവള്ളന്റെ വർഗ്ഗത്തിൽ ഭർത്തതാവില്ലാതെ ഗർഭം ധരിച്ചാൽ വധശിക്ഷയായിരുന്നു പതിവ്. ഇപ്പോൾ ജാതിയിൽ നിന്നു പുറംതള്ളുകയെന്നാക്കി ചുരുക്കിയിട്ടുണ്ട്. ഋതുവായാലും പ്രസവിച്ചാലും പെണ്ണിനെ താമസസ്ഥലത്തിനകലെ ഒരു കുടിൽകെട്ടി ഏതാനും ദിവസം താമസിപ്പിക്കുന്നു ഒരു വൃദ്ധയുടെ പരിചരണംമാത്രം അവൾക്കുലഭിക്കും. അഞ്ചുമാസം കഴിഞ്ഞു പ്രസവത്തിന്റെ അശുദ്ധിമാറി സ്വന്തം വീട്ടിലേക്കു കയറാം. മണ്ണാൻ, പാണൻ, പറയൻ, എന്നിവരുടെ ഭക്ഷണം കഴിക്കാത്ത എറുവള്ളൻ കോയംപത്തൂരിലും തിരുകൊച്ചിയിലുമാണ് കൂടുതൽ ഉള്ളത്. കരിംപാലനും അരനാടനും കേരളവനങ്ങളിലെ ജനസംഖ്യ ചുരുങ്ങിയ വർഗ്ഗങ്ങളാണ്. പെരുംപാംപിനെകൊന്ന് നെയ്യെടുത്ത് വില്ക്കുന്ന അരനാടൻ നിലംപൂർമലകളിൽ അധിവസിച്ചിരുന്നു. മൃഗങ്ങളുടെ ചീഞ്ഞ ഇറച്ചി വിശിഷ്ടഭോജ്യമായി കരുതുന്ന ഇവരിൽ പുത്രിയെ വിവാഹം കഴിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നെന്നാണു പാശ്ചാത്യനരവംശാന്വേഷകരായിരുന്ന തെഴ്സ്റ്റനും റോബർട്ട്സനും പറയുന്നത്. കരിംപാലൻ പുനംകൃഷിനടത്തി ജീവിക്കുന്ന മരുമക്കത്തായികളാണ്. താലികെട്ടില്ലാതെ വിവാഹം കഴിക്കുന്നവരാണ്.

തിരുവിതാംകൂർ മലയിലും ആനമലയിലും അധിവസിക്കുന്ന കാടനും കാണിക്കനും തോട്ടം ഉടമകളുമായി സഹവർത്തിത്വത്തിലായതുകൊണ്ട് ചീഞ്ഞളിഞ്ഞ മാംസം ഭക്ഷിക്കുന്നതിൽ നിന്നുമാറിയിട്ടുണ്ട്. ബഹുഭാര്യാവ്രതക്കാരനായ കാടന്നു വ്യഭിചാരക്കുറ്റം ചുമത്തി ഭാര്യയെ ഉപേക്ഷിക്കാം. തിരുവിതാംകൂർ മലകളിൽ തേയിലയും റബ്ബറും കാപ്പിയും കൃഷിചെയ്യാൻ വിദേശികൾ എത്തിയതോടെ നിരവധി യൌവനയുക്തകളായ കാടൻസ്ത്രീകൾ പുറംതള്ളപ്പെട്ടിട്ടുണ്ട്. വിവാഹത്തിന്നു അന്യോന്യം വെറ്റിലകൊടുക്കുന്നതൊഴിച്ചാൽ ചടങ്ങൊന്നുമില്ല. വിവാഹശേഷം സ്ത്രീയുടെ പേരുമാറ്റും. ഭാര്യ ഗർഭമായിക്കഴിഞ്ഞാൽ ഭർത്താവിനു അന്യസ്ത്രീകളെ പ്രാപിക്കാൻ സ്വാതന്ത്ര്യമുണ്ട്. മുളകൊണ്ടു കൊച്ചുകൊട്ടകളും ഭംഗിയുള്ള ചീർപ്പുകളും ഇവർ നിർമ്മിക്കും. കുളിച്ചു വ്രതമനുഷ്ഠിക്കുന്നവരുമുണ്ട്. കാണിക്കൻ ശിശുവിവാഹം നടത്തുന്നു. ശിശുവിനു താലി കെട്ടുകയും പ്രായമാകുംപോൾ മന്ത്രങ്ങൾ പഠിപ്പിക്കുകയും ചെയ്യും. വർഗ്ഗത്തലവനായ ഗുരുനാഥൻ വന്ന് ആദ്യം ചൊല്ലിക്കൊടുക്കുന്നു. പിന്നെ പതുക്കെ നുള്ളുന്നു. മൂന്നാമതാണു പ്രഹരം. പ്രഹരംകൊണ്ടും കുട്ടി വഴിപ്പെട്ടില്ലെങ്കിൽ അവനുമാന്ത്രം വിധിച്ചിട്ടില്ലെന്ന ധാരണയിൽ പഠനക്കളരിയിൽ നിന്നു പുറന്തള്ളുകയാണ് പതിവ്. രോഗത്തിനു ചികിത്സയില്ല. മന്ത്രവാദി വന്നു കൊട്ടും പാട്ടും കഴിച്ചുവിധി കല്പിക്കും. മരിക്കും എന്നു മന്ത്രവാദി പറഞ്ഞാൽ

അപ്പോൾതന്നെ രോഗിയുടെ കുടുമ്മ മുറിച്ചുകളയും. മരണവിധി ഉണ്ടായാൽ രോഗിക്കു വെള്ളം കൊടുക്കുകയില്ല. ഹോമം നടത്തി ശ്വാസം മുട്ടി മരിക്കുന്നു. മരിച്ചാൽ കഞ്ചാവും അരിയും ശവത്തിന്റെ വായിലിടുന്നു. കുരങ്ങു, ആമ, പെരുച്ചാഴി ഇവയാണ് ഇവരുടെ പ്രിയഭക്ഷണം. കുറിച്യനും കുന്നുവനും കാണിക്കൻവർഗ്ഗത്തിൽനിന്നും ബന്ധം പിരിഞ്ഞുപോയവരാണ്. മലവാസികൾ കൂട്ടം കൂട്ടമായി പുതിയ താമസസങ്കേതങ്ങൾ കണ്ടുപിടിക്കാനായി അലഞ്ഞുതിരിയാറുണ്ട്. അങ്ങിനെ അലഞ്ഞുചെല്ലുന്നവർ സങ്കരബന്ധംകൊണ്ടു പുതിയആചാരങ്ങൾ അനുഷ്ഠിക്കുന്നു. ചിലർ നാടൻപ്രദേശങ്ങളിൽതന്നെ സഞ്ചരിക്കുന്നു. കുഡുംബങ്ങളായി ഇന്ത്യയിലെ കാബൂളികളെപ്പോലെ കഴിയുന്നു. ഉള്ളാടൻ, പാണർ, പറയൻ എന്നീ വിഭാഗങ്ങൾ ഗിരിജനങ്ങളിൽ നിന്നു തെറ്റിപ്പോന്ന അവാന്തരവിഭാഗങ്ങളാണ്. ഗിരിവാസികളുടെ ആചാരങ്ങളുമായി ബന്ധമുള്ളവരാണിവർ. തിരുവിതാംകൂറിൽ തന്നെ അരനൂറ്റാണ്ടിന്നു മുമ്പെടുത്ത കണക്കുപ്രകാരം അവർ അരലക്ഷത്തോളമുണ്ടെന്നു കാണുന്നു. വയനാട്ടിൽ അധിവസിച്ചിരുന്ന കുറുമ്പൻ(കുറുമൻ) തമിഴ്നാട്ടിലെ കുറുമാവർഗ്ഗത്തിൽനിന്നു വിട്ടുപോന്നവരാണ്. ആന്ധ്രയിൽനിന്നും തമിഴ്നാട്ടിൽനിന്നും നീലഗിരി വഴി മലബാർ കാടുകളിൽ എത്തിയ ആദിമനിവാസികൾ പല്ലവന്മാരുടേയും ചാലുക്യന്മാരുടേയും ചോളന്മാരുടേയും വർഗ്ഗത്തിൽപ്പെട്ടവരാണെന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പല്ലവന്മാരും ചാലൂക്യന്മാരും ഹൊയിസാലന്മാരും ചോളന്മാരും കലയിലും സാമൂഹ്യജീവിതത്തിലും വലിയ പരിഷ്കാരങ്ങൾ വരുത്തിയവരാണ്. അവരുടെ കാലത്തെ വനവാസികളായിരിക്കണം ഇക്കാലത്തു പടിഞ്ഞാറുഭാഗത്തേക്കു കുടിയേറിപ്പാർത്ത ഗിരിവാസികൾ. വീരബല്ലാലൻ രണ്ടാമന്റെ കാലത്തു ആക്രമണം ഭയന്നു ഇവിടെയെത്തിയ വനവാസികളിൽ ആന്ധ്രയിലേയും തമിഴ്നാട്ടിലേയും വനോപജീവികളുടെ സാമൂഹ്യപാരംപര്യം ഒറ്റപ്പെട്ടുകാണാം.

കുരങ്ങുകളിക്കാരായ കൊറവവർഗ്ഗക്കാർ ആന്ധ്രയിൽ മിക്കസ്ഥലങ്ങളിലും കാണാം. റെഡ്ഡിയാണു തങ്ങളെന്നു അവർ അഭിമാനിക്കുന്നു. രാജാവും ഭരണവും ഉണ്ടായിരുന്ന കൊറവസാമ്രാജ്യം അവർക്കു നഷ്ടപ്പെട്ടതാണത്രെ. തെലുങ്കിലെ നാടൻപാട്ടുകൾ ഇവരിൽനിന്നാണു കൂടുതൽ ശേഖരിച്ചിട്ടുള്ളത്. സിനിമയിൽ നായകനും നായികയും പാടുന്നതുപോലെ കൊറവനും കൊറത്തിയും സംഭാഷണ ഗാനങ്ങളാലപിക്കുന്നു. ഈ ഗാനങ്ങളിൽ പ്രണയമ, വിവാഹം, സാമൂഹ്യാചാരം, ഭരണതന്ത്രം തുടങ്ങിയ കാര്യങ്ങളടങ്ങിയിരിക്കുന്നത്. കേരളത്തിൽ കൊറച്ചാ, കൊർച്ചോ, ഏരുകലാ, എരകലാ, വെള്ളാള എന്നും മറ്റും പേരുള്ള ഇവരെ ആന്ധ്രയിൽ എടകയറുവാൻ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. പറയനേയും ചക്കിളിയനേയും ഒഴിച്ചു ഗിരിവർഗ്ഗക്കാരെ ആരേയും കൊറവജാതിയിൽ ചേർക്കാം. അതുകൊണ്ടിവരുടെ സംഖ്യാബലം കൂടിയിട്ടുണ്ട്. പനംകള്ളാണു മുഖ്യാഹാരം. കൂട്ടം കൂടിയിരുന്നു കള്ളുകുടിക്കുന്ന ഗിരിവാസികളായ കുറവർ ആരോഗ്യാശംസയോടെ തൊണ്ടുകൾ തമ്മിൽ മുട്ടിക്കാറുണ്ട്. വിദേശികൾ ഈ സമ്പ്രദായം ഇവരിൽനിന്ന് പകർത്തിയതാകാം. വണ്ണാൻ, തട്ടാൻ, മുസൽമാൻ, പറയൻ, ചക്കിളിയൻ, ബ്രാഹ്മണൻ എന്നിവരുടെ ഭക്ഷണം ഇവർകഴിക്കുകയില്ല. പൂച്ച, എലി, പെരുച്ചാഴി, കുറുക്കൻ, കുരങ്ങൻ, പന്നി എന്നിവയാണു കൂടുതൽ താല്പര്യം. വടക്കൻ ആർക്കാട്ടിലെ കൊറവർ പെൺമക്കളെത്തന്നെ വിവാഹം കഴിക്കുന്നു. തമിഴ്നാട്ടിൽ അമ്മയുടെ അനുജത്തിയേയും കേരളത്തിൽ സഹോദരിപുത്രീയേയുമാണിവർ വിവാഹം കഴിക്കുന്നത്. കൊറവർ ദക്ഷിണേന്ത്യയിൽ മുപ്പത്തിരണ്ടു വിഭാഗക്കാരായി ചിന്നിച്ചിതറിക്കിടക്കുകയാണ്. അടിമക്കച്ചവടം  അടുത്തകാലംവരേയും ആർക്കാട്ടിലേയും ചിങ്കൽപ്പേട്ടയിലേയും കൊറവരുടെയിടയിൽ നടപ്പുണ്ടായിരുന്നു. 'കൊറവനും, കൊരങ്ങനും ദൂരെമാറ്റ്' എന്ന അധിക്ഷേപഹാസ്യം ഇന്നും തെലുങ്കരുടെയിടയിൽ നടപ്പുണ്ട്. കൊറവസ്ത്രീ പ്രസവിച്ചാൽ നാലാഴ്ചക്കാലം അവളെ ആരും തിരിഞ്ഞുനോക്കുകയില്ല. കൊറവൻ മരിച്ചാൽ ശവം വളരെവേഗം മറവുചെയ്യും. കുരങ്ങിന്റെയും, കൊറവന്റേയും ശവം കാണരുതെന്നാണത്രെ ആചാരം. വ്യഭിചാരക്കുറ്റത്തിന് വിവിധനിലയിലുള്ള ശിക്ഷകൾ നടപ്പുണ്ടായിരുന്നു. തെറ്റ് പുരുഷന്റേതാണെങ്കിൽ മരത്തോടുബന്ധിച്ച് തല മുണ്ഡനം ചെയ്ത് സ്ത്രീയുടെ മൂത്രം തലയിലൊഴിക്കലായിരുന്നു ആന്ധ്രയിലെ ശിക്ഷ. വ്യഭിചാരം നിഷിദ്ധനിഷിദ്ധമായിട്ടാണു കൊറവർ കരുതുന്നത്. ബഹു ഭാര്യാവ്രതക്കാരാണ് മലയാളത്തിലെ കൊറവർ. പച്ചകുത്താനും ഇവർ വിദഗ്ദ്ധരാണ്.

മലബാറിലെ പലഭാഗങ്ങളിലും കൂലിപ്പണിയെടുത്തു കഴിയുന്ന ചെറുമക്കൾ വനവാസികളിൽ നിന്നു നാടൻ ജീവവിതം സ്വീകരിച്ച കൃഷിപ്പണിക്കാരാണ്. ചെറുമരിൽ പുലയരും പെടുന്നു. തിരുവിതാംകൂറിൽ ഒരു പുലയ രാജാവുള്ളതായി പറയപ്പെടുന്നു. 1792-ലെ അടിമവ്യാപാരനിരോധനത്തോടുകൂടി മലബാറിലെ ചെറുമർ രക്ഷനേടി. 1871-ലെ കണക്കുപ്രകാരം മലബാറിൽ ഒരുലക്ഷത്തോളം ചെറുമരുണ്ടായിരുന്നുവെന്നുകാണാം. മതം മാറിയതുകൊണ്ടു ജനസംഖ്യ കുറഞ്ഞു. ഗിരിജനങ്ങളിൽ വ്യത്യസ്ഥമായ ഗ്രമീണജീവിതം ഇവർ അനുഷ്ഠിക്കുന്നു. ജന്മികളുടെ കൂലിപ്പണിക്കാരായ ഇവരാണു മലബാറിലെ കാർഷിക സമ്പത്തു വിളയിക്കുന്നത്. ഇവരുടെ സമുഹാചാരങ്ങളുടെ ഉല്പത്തി സ്തിതിചെയ്യുന്നത് വയനാട്ടിലേയും നിലമ്പൂരിലേയും വനവാസികളിലാണ്. അടിമവ്യാപാരം നിർബാധം നടത്തിയിരുന്ന കാലത്തു കൊച്ചിയിലേയ്ക്കും, തിരുവിതാംകൂറിലേയ്ക്കും ഇവർ കടന്നുകൂടി. ഇവരുടെയിടയിൽ ഇന്നും നടക്കുന്ന വിവാഹരീതിയും ആരാധനാസമ്പ്രദയവും  നാട്ടാചാരങ്ങളും

പരിശോധിച്ചാൽ കേരളത്തിലെ പൂർവ്വകാലവാസികളിൽപെട്ടവരാണിവരെന്ന് വ്യക്തമാകും. വയനാടൻ പ്രദേശങ്ങളിലെ പണിയനൻമാരുടെ ആചാരങ്ങൾക്ക് മധുര ജില്ലയിലെ പണിക്കന്മാരോടാണ് സാമ്യം. വിവാഹത്തിന് മുമ്പ് പുരുഷൻ പെണ്ണിന്റെ പിതാവിന് വിറകുകൊണ്ടുപോയി കൊടുക്കുന്ന സമ്പ്രദായമുണ്ട്. വ്യഭിചാരകുറ്റങ്ങൾക്കു വിധികല്പ്പിക്കുന്നത് പഞ്ചായത്താണ്. നായാടിയും, പാണനും, പുള്ളുവനും മരുമക്കത്തായ സമ്പ്രദായക്കാരാണ്. വനവാസിയായ പാണൻ മക്കത്തായിയാണ്. പാണന്മാരിൽ ഉപജാതികളുണ്ട്. വേലനും വെല്ലാനും, ചാട്ടകരാണ്. ദുർദ്ദേവതകളെ ഉപാസിച്ചു രാജ്യത്തിന്റെ രക്ഷനിലനിർത്തുന്ന വേലനു വനസാമ്രാജ്യത്തിൽ വലിയ സ്ഥാനമാണുള്ളത്.മണ്ണാൻ, മലങ്കുടികൾ, മലപ്പണ്ടാരങ്ങൾ, മലവേലർ, മലയുള്ളത്തർ, കാവുപണ്ടാരർ, മുടവർ, മലക്കാർ തുടങ്ങി ഏതാനും ഗിരിവർഗ്ഗക്കാരെകൂടി കേരളത്തിലെ വനപ്രദേശങ്ങളിൽ കാണാം.

മലയരയന്റേയും മുടവന്റേയും ആചാരങ്ങൾ വലിയ മാറ്റങ്ങൾകൂടാതെ ഇന്നും തുടർന്നുപോരുന്നുണ്ട്. മരിച്ചു കഴിഞ്ഞാൽ ഗുഹകൾ പണിതു പൂജകൾ നടത്തുന്നവരാണു മലയരയന്മാർ. മരിച്ചവരുടെ മരപ്രതിമയെ പൂജിക്കുന്നവരുണ്ട്. വനത്തിലെ ദുർദ്ദേവതകളും കാലം കഴിഞ്ഞ ഉഗ്രമന്ത്രവാദികളുമാണ് കുലദൈവങ്ങൾ. വെളിച്ചപ്പാട് തുള്ളികല്പിക്കുന്ന രീതി ഇന്നും തുടരുന്നു. ശബരിമലയ്ക്കടുത്തുള്ള പ്രദേശങ്ങളിൽ ഇവരുടെ ഇല്ലങ്ങൾ കാണാം. തുള്ളികല്പ്പിക്കുന്ന വെളിച്ചപ്പാടിനെ വലിയ ഭയമാണ് മലയരയർക്ക്. ശബരിമല അയ്യപ്പനാണു ഇവരുടെ രക്ഷകൻ. ഇവരിൽ ഭൂരിഭാഗവും മക്കത്തായികളാണ്. ഗ്രാമീണർ മലയരയൻമാരുടെ ഒടിയേയും മന്ത്രവിദ്യയേയും ഭയപ്പെടുന്നു. താളക്രമമുള്ള ഒരു സംഗീതസമ്പത്തിവർക്കുണ്ട്. ഇവരുമായി അടുത്തകാലത്ത് ബന്ധുത്വം സ്ഥാപിച്ച മുടവരുടെ ആചാരങ്ങൾ ഇവരിലേക്കു പകർന്നിട്ടുണ്ട്. നിരവധി ഭർത്താക്കന്മാരെ സ്വീകരിക്കാവുന്ന മുടവരുടെ ആചാരം മലയരയന്മാർ അംഗീകരിച്ചിരിക്കുകയാണ്. മുടവർക്കു വിവാഹ സ്വാതന്ത്ര്യമുണ്ട്. പുരുഷനും, സ്ത്രീയും മനസ്സിനിണങ്ങിയാൽ ഒളിച്ചുപോയി കാട്ടിൽ താമസിക്കുന്നു. കുഡുംബക്കാരുടെ കോപം ശമിക്കുമ്പോൾ വിവാഹിതരായിത്തീരുന്നു. ഭർത്താവിനെ ഉപേക്ഷിക്കാൻ ഭാര്യ്യ തയ്യാറാകാറില്ല. അങ്ങനെ ഉപേക്ഷിച്ചാൽ സ്ത്രീയെ എത്രപേർക്കുവേണമെങ്കിലും ഒന്നിച്ചു വിവാഹം കഴിക്കാം.

കേരളത്തിലെ മലയോരങ്ങളിൽ അധിവസിക്കുന്നവരുടെ ഭാഷ ശുദ്ധമലയാളം തന്നെയാണെന്നു പറഞ്ഞുകൂടാ. തമിഴ്, തെലുങ്ക്, തുളു എന്നിവയുടെ സ്വാധീനമുള്ള ഭാഷകളാണവരുടേത്. അവരുടെ നാടൻപാട്ടുകളിൽ ദ്രാവിഡഭാഷാ പദങ്ങൾ വേണ്ടുവോളം കാണാം. ഹൃദ്യമായ ഒരു ഗാനരീതിയും മഹാസംഭവമുൾക്കൊള്ളുന്ന ഐതിഹാസികരസമുള്ള പാട്ടുകളും ഗിരിജനങ്ങൾക്കുണ്ട്. പല കാലങ്ങളായി പല കണ്ഠങ്ങളിൽ കൂടി പകർന്നെത്തിയ പാട്ടുകളിൽ ചരിത്രാംശങ്ങളും, ആചാരവിശേഷങ്ങളും തങ്ങിനിൽക്കുന്നുണ്ട്. യുദ്ധവീരകഥകൾ, മൃഗയാവിനോദം, താലികെട്ട്, ഭജനം, കാലവർണ്ണന തുടങ്ങിയതിനെപ്പറ്റി ലളിതസുന്ദരമായി ആവിഷ്ക്കരിച്ചിട്ടുള്ള ഗിരിവാസികളുടെ ഗാനസമ്പത്ത് നമ്മുടെ സംഗീത സംവിധായർക്ക് പകർത്താൻ പറ്റിയവയാണ്. കൂട്ടംകൂടിയുള്ള സമൂഹനൃത്തവും ചുവടുവെപ്പും പഴക്കം നിർണ്ണയിക്കാൻ സാധിക്കാത്ത കലാവിശേഷങ്ങളാണ്. കുടകിലേയും, നീലഗിരിയിലേയും, തിരുവിതാംകൂർ മലയിലേയും നൃത്തങ്ങളും ഗാനങ്ങളും കൂത്തിന്റേയും കൂടിയാട്ടത്തിന്റേയും തുയിലുണർത്തുപാട്ടിന്റേയും വേലർപ്പാട്ടിന്റേയും കാണിപ്പാട്ടിന്റേയും ആദ്യരൂപങ്ങളല്ലെന്നു ആർക്കറിയാം. ആദിമസംസ്ക്കാരത്തിൽ നിന്നും പകർത്തി പരിഷ്ക്കരിച്ചതാണല്ലോ ആധുനികർ കാണുന്നതെല്ലാം. പനയോലകൾ കൊണ്ടും ചുള്ളിക്കമ്പുകൾകൊണ്ടും വേഷമണിഞ്ഞു നീണ്ടപല്ലും നാവും വെച്ചുപിടിപ്പിച്ചു കറുപ്പും പച്ചയും തേച്ചു അഗ്നികുണ്ഡത്തിനു മുമ്പിൽചാടി നൃത്തംവെക്കുന്ന ഗിരിജനങ്ങളിൽ നിന്നും പകർത്തിയതല്ലെ കഥകളിയെന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. ഗിരിവാസികളുടെ കലാസൃഷ്ടികളിൽ ഒളിഞ്ഞു കിടക്കുന്ന സൌന്ദർയ്യാംശം കേരളസംസ്ക്കാകത്തിന്നു പരിവേഷമണിയിച്ചിട്ടുണ്ട്. വനമുടമസ്ഥന്മാരുടെ കീഴിൽ കിടന്നു നരകിച്ചു കഴിയുന്ന ഗിരിവാസികൾക്കു വളരാനും, വികസിക്കാനും സന്ദർഭം നല്കിയാൽ അവരുടെ ഭാവി ഇരുളടഞ്ഞതാവുകയില്ല. മൂകമായി കിടക്കുന്ന അവരുടെ പ്രയത്നശക്തി കണ്ടറിയുകയും കേരളത്തിന്റെ നിറപ്പകിട്ടാർന്ന പരിഷ്ക്കാരത്തിന്ന് അവരുടെ കഴിവുകൾ ഉപയുക്തമാക്കുകയും വേണം. അന്വേഷണകുതുകികളായ കലാകാരന്മാർക്കും ചരിത്രകാരന്മാർക്കും സമുദായികശാസ്ത്രവിദ്യാർത്ഥികൾക്കും പ്രവർത്തിക്കാനുള്ള ഒരു മണ്ഡലമാണു ഗിരിവാസികളുടേത്. ഗിരിതടങ്ങളുടെ ഇരുളിലേക്കു നമ്മുടെ വെളിച്ചവുമായി പോവുക.

*******************************

# കോയി

മാറിക്കൊണ്ടിരിക്കുന്ന സമൂഹഘടനയുടെ പുരോഗതിക്കൊത്ത് നാമാവശേഷമാകുന്ന് ആദിവാസ ഉപവർഗ്ഗങ്ങളുടെ ചരിത്രവും സമസ്ക്കാരവും അന്വേഷിച്ചറിയുന്നതിന് നരവംശശാസ്ത്രജ്ഞന്മാർ ഇന്ന് സാഹസയത്നത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ജാതികളും അവാന്തരവിഭാഗങ്ങളും സമൂഹത്തിലെ കറുത്ത അടയാളമാണെങ്കിലും ചരിത്രത്തിലെ വിടവാങ്ങിയ നൂറ്റാണ്ടുകളിലെ സാംസ്ക്കാരിക പ്രതിഭാസങ്ങളെപ്പറ്റിയുള്ള ബോധം ഭാവിയിലേയ്ക്കുള്ളപഠനത്തിന്നനുപേക്ഷണീയവുമാണ്. വൈവിധ്യമുള്ള സാമൂഹ്യാചാരങ്ങളിലിടപഴകി മക്കത്തായവും മരുമക്കത്തായവും മാറി മാറി സ്വീകരിച്ച് പ്രാകൃതമായ ക്രമങ്ങൾ കൈവിടാതെ അലക്ഷ്യമായി ജീവിക്കുന്ന ദക്ഷിണേൻഡ്യയിലെ പുരാതന ദ്രാവിഡവർഗ്ഗങ്ങളെ സമ്പന്ധിച്ചുള്ള കൌതുകകരമായ വിവരങ്ങൾ ഇതിഹാസകാലങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. ഗിരിതടങ്ങൾ, തീരപ്രദേശങ്ങൾ, വനപ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ അധിവാസമുറപ്പിച്ചവരും ഒരു സ്ഥലത്തോടും പ്രത്യേക മമത പുലർത്താതെ ജീവിതകാലം മുഴുവൻ സഞ്ചരിക്കുന്നവരും വേട്ടയാടിയും മണ്ണിനോട് മല്ലടിച്ചും കഴിയുന്നവരും ആദിവാസികളിൽ പെടുന്നു. ചാതുർ വർണ്ണത്തിന്റെ ചുവടുപിടിച്ചു ശാഖോപശാഖകളായി ഓരോ തൊഴിലിലിടപെട്ടിടുള്ള ആദിവാസികൾ പുരാണങ്ങളിലെ അവതാരപുരുഷൻമാരുടെ പാരമ്പര്യം അവകാശപ്പെടാറുണ്ട്. ഇക്കാര്യത്തിൽ ആന്ധ്രയിലെ പാർജാരിയും, തമിഴ്നാട്ടിലെ നായ്ക്കനും, കേരളത്തിലെ കാക്കാലനും ഒരു ചേരിയിലാണ്. ചിലർ ഹനുമാന്റെ വംശക്കാരാണെങ്കിൽ മറ്റു ചിലർ വിഭീഷണന്റേയും വേറെ ചിലർ കശ്യപന്റേയും വംശമഹത്വം പർവ്വതീകരിച്ചു പറയുന്നു. ഇൻഡ്യയിലെ 80 ലക്ഷംവരുന്ന ആദിവാസികളിൽ 3000-ത്തിലധികം ജാതികളും ഉപജാതികളുമുണ്ട്. ദക്ഷിണേൻഡ്യയിൽ തന്നെ മുന്നൂറിലേറെ അറിയപ്പെടുന്ന പുരാതനവാസികളുണ്ട്. കേരളത്തിലാണെങ്കിൽ 70 ഓളം ഉപജാതികൾ കാണാം. കലാലൻ, ചെമ്മാൻ, കാക്കാലൻ, മലപ്പണ്ടാരം, ഊരളി, കാട്ടുനായ്ക്കൻ, വിഷവർ തുടങ്ങിയവർ കേരള ആദിവാസികളിലെ പ്രാചീനസമ്പ്രദായക്കാരാണ്. ഇവരുടെ സാമൂഹ്യ ജീവിതവുമായി ബന്ധമുള്ള ഒരു കേരളേതരവർഗ്ഗമാണ് കോയി.

പുരാണപ്രസിദ്ധനായ ഭീമസേനന് ഹിഡിംബിയിൽ ജാതരായവരാണ് കോയികളുടെ പൂർവ്വീകരെന്നാണവർ വിശ്വസിക്കുന്നത്. കോസലം എന്ന സമ്പന്ന രാജ്യത്തിൽ നിന്ന് അഭ്യാർത്ഥികളായി ഇറങ്ങിതിരിച്ചവരാണെന്നും അനുമാനിക്കുന്ന കോയിമാർ നരബലിപ്രിയന്മാരായിരുന്നെന്നാണ് 1891-ലെ കലേഷുമാരി റിപ്പോർട്ട് വ്യക്തമാക്കുന്നത്. നിരപരാധികളായ വഴിയാത്രക്കാരെ ഇഷ്ടദേവന് ബലിയർപ്പിച്ചിരുന്ന ഒരു വർഗ്ഗമെന്നാണ് കോയിമാരെപ്പറ്റി നരവംശപണ്ഡിതനായ തെഴ്സ്റ്റൺ അഭിപ്രായപ്പെട്ടിട്ടുള്ളത്. പുലി ഭീമന്റേയും ചെന്നായ അർജ്ജുനന്റേയും അവതാരങ്ങളാണെന്ന് വിശ്വസിക്കുന്ന കോയിമാർ മൃഗങ്ങളെ ആരാധിക്കുന്നവരായതുകൊണ്ട് സാമൂഹ്യാചാരങ്ങളിൽ പല അപരിഷ്ക്രത പ്രവണതകളും വളർത്തിക്കൊണ്ടുവന്നു. ആന്ധ്രയിലെ കുഗ്രാമങ്ങളിൽ കോയിമാരെ കാണാമെങ്കിലും ഇവരുടെ കോളനി ഗോദാവരി ജില്ലയുടെ വടക്കനതിർത്തിയിലാണ് സ്ഥിതിചെയ്യുന്നത്. മൃഗങ്ങളുടെ പേരിട്ട് കുട്ടികളെ വളർത്തുന്നതിലും മൃഗങ്ങളുടെ നഖങ്ങളും പല്ലുകളും ആഭരണങ്ങളായി അണിയുന്നതിലും കോയിമാർ തല്പരരാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിന് ഇരയായാൽ അതൊരു സ്വർഗ്ഗാരോഹണമാണെന്നു കോയിമാർ വിശ്വസിക്കുന്നു. പച്ചമരുന്നുകളും മന്ത്രവുമായി അലഞ്ഞുതിരിഞ്ഞിരുന്ന കോയിമാരെ ആദരിക്കുന്നതിൽ ഗ്രാമീണർ തല്പരരായിരുന്നു. ദ്രോഹബുദ്ധികളായ കോയിമാരുടെ ബാധകളിൽ നിന്ന് ഒഴിയാൻ സ്വീകരണമാണ് എളുപ്പവഴി. ഒടിവയ്ക്കുന്നതിലും മരണക്രിയകൾ ചെയ്യുന്നതിലും കോയിത്തലവൻ വിദ്ഗ്ദ്ധനായിരിക്കും. രാക്ഷസഭാവം പൂണ്ട് ഗ്രാമങ്ങളിൽ പുലിയുടെ തലയോടുമണിഞ്ഞെത്തുന്ന കോയിത്തലവന് വിശിഷ്ടഭോജ്യങ്ങൾ നല്കി കോപം ശമിപ്പിക്കുന്നതിലും പ്രേതബാധ ഒഴിക്കുന്നതിലും ഗ്രമവാസികൾ പ്രത്യേകം ശ്രദ്ധ ചൊലുത്തുന്നു.

കോയിമാർ പ്രയേണ മരുമക്കത്തായക്കാരാണ്. ഒരു പെണ്ണിനെ തട്ടികൊണ്ടുപോവുകയെന്നത് വലിയകാര്യമല്ല. അന്തസിനൊത്ത് അമ്മാവൻവഴി ലഭിച്ചില്ലെങ്കിൽ ഗ്രാമത്തലവനെ സ്വാധീനിച്ച് പെണ്ണിനെ പിടിച്ചുകൊണ്ടുപോയി വിവാഹം കഴിക്കും. വിവാഹത്തിന് ആർഭാട ചടങ്ങുകളില്ല. വധുവിനെ പുരുഷന്റെ മാതാവും ഭർത്താവിനെ വധുവിന്റെ അമ്മയും ചുമലിലേറ്റി താളംവെച്ച് കളിക്കും. അമ്മയില്ലാത്തവർക്ക് അമ്മായിയായിരിക്കും ഈ ചടങ്ങ് നില നിർവ്വഹിക്കുക. ഒരാളുടെ ഭാര്യയെ മറ്റൊരാൾ കട്ടുകൊണ്ടു പോയാൽ അതിലൊരു പിഴ അടച്ചാൽ മതിയാകും. വിധവാ വിവാഹം ഇഷ്ടപ്പെടുന്ന കോയിമാർ ബഹു ഭാര്യ സമ്പ്രദായക്കാരാണ്. ശൈശവ വിവാഹം സാധാരണ നടപ്പുണ്ട്. ജാരസംസർഗ്ഗമുണ്ടെന്നുതെളിഞ്ഞാൽ സ്ത്രീയുടെ നാവിൽ സൂചി പഴുപ്പിച്ചുവെയ്ക്കുകയും ജാരന്റെ പേർ ഉറക്കെ വിളിച്ചു പറയിപ്പിക്കുകയും ചെയ്യും. പുരുഷനും ശിക്ഷയ്ക്ക് വിധേയനാണ്. പൊള്ളയായ മരത്തടിയിൽ കെട്ടി ഊരിലൂടെ വലിച്ചുകൊണ്ടുപോകുകയാണ് ഒരു പുരുഷന് ലഭിക്കുന്ന ശിക്ഷ.

മരണാനന്തരമുള്ള ചടങ്ങുകൾക്ക് മൃഗങ്ങളുടെ അവയവങ്ങൾ അനിവാര്യമാണ്. എരുമയുടെ കരളെടുത്തു ശവത്തിന്റെ വായിൽ നിക്ഷേപിക്കുന്നു. എരുമയുടെ വാൽ കയ്യിൽ പിടിപ്പിക്കും. ശവം ദഹിപ്പിക്കുന്ന സമ്പ്രദായക്കാരും കോയിമാരിലുണ്ട്. ഏഴു ദിവസം അടിയന്തിരം നടത്തുമ്പോൾ മൃഗബലിയും ഹോമവും ആവശ്യമാണ്. വിധവയുടെ കെട്ടുതാലി (മഞ്ഞൾ പുരട്ടിയ നൂൽ) ഭർത്താവിന്റെ വായിൽ ചുരുട്ടിവെയ്ക്കുന്നു. അംഗഹീനരായി പിറക്കുന്നവർ പൂർവ്വപിതാമഹന്മാരുടെ പ്രതിരൂപങ്ങളാണെന്ന ധാരണയുള്ളതുകൊണ്ട് അവർ ബഹുമാന്യരായിത്തീരുന്നു. ഒടിവെച്ചു മനുഷ്യരിൽ വിഭ്രാന്തി വളർത്തിയ കോയിമാരെ രാമനാട്ടു രാജാവ് അടിശിക്ഷയ്ക്ക് വിധിച്ച കാലമുണ്ടായിരുന്നു. മൈസൂരിലും മദ്രാസിലും ഒടിയന്മാരായ കോയിമാർക്ക് ചാട്ടവാറുകൊണ്ടുള്ള ശിക്ഷ നടപ്പാക്കിയതൊടെ വളരെപ്പേർ ഓടിവിദ്യ ഉപേക്ഷിച്ചു. ദേഹമാസകലം പച്ചകുത്തി വൈരൂപ്യവും സൌന്ദര്യവും വരുത്തുന്നതിൽ കോയിമാർ വിദ്ഗ്ദ്ധരാണ്. പുരാണപുരുഷൻമാരെയും ഭീകരരൂപമുള്ള ക്ഷുദ്രദേവതകളേയും പദ്യത്തിലൂടെ ചിത്രീകരണം ചെയ്യുന്നതിൽ കലാവിരുത് നേടിയ കോയിമാർ അതൊരു ആദായമുള്ള തൊഴിലായി സ്വീകരിച്ചു. 1901-ലെ കനേഷുമാരിക്കാലത്ത് കോയിമാർ തങ്ങളുടെ മേൽ ജാതിക്കാരായ ത്രൈവർണ്ണികളുടെ പീഡനം സഹിക്ക വയ്യാതെ ബല്ലാരി, കുടക് എന്നിവിടങ്ങളിലേക്ക് ഒളിച്ചോടിപ്പോയതായിക്കണ്ടു. വംശനാശം വന്നുകൊണ്ടിരിക്കുന്ന തോടരുടെയിടയിൽ കടന്നുകൂടിയ കോയിമാർക്ക് മൈസൂർ സർക്കാർ അവിടെ അഭയം നൽകിയില്ല. കോയിമാർ താപസരായ ദിഗംബരരുണ്ടെന്നത് വൈപര്യത്യമാണ്. 'ബോണ്ട്' എന്ന നഗ്നതാപ്രസ്ഥാനക്കാരായ കോയിമാർക്ക് അവരുടെ ഗ്രാമത്തലവൻ എല്ലാപരിരക്ഷകളും നൽകുന്നു. അടിമവ്യാപാരം നടപ്പിലുണ്ടായിരുന്ന കാലത്തു വലിയ സെമീന്ദാർമാർ കോയിമാരെ കൈമാറ്റം ചെയ്തിരുന്നു. ഇത്ര കോയിമാരുടെ യജമാനൻമാരാണ് താനെന്ന് മറ്റുള്ളവരറിയുന്നത് ശക്തിയ്ക്ക് പിൻബലമായി പരിഗണിച്ചിരുന്നു. ക്രൂര പ്രവർത്തികൾ ചെയ്യാൻ മടിക്കാത്ത കോയിമാരെ സ്വാധീനിക്കുന്നതിന് നാടുവാഴികൾ ശ്രമിച്ചിരുന്നു. മുഷ്കന്മാരും ശക്തന്മാരുമായിരുന്ന കോയിമാരുടെ വംശം നാമാവശേഷമായി വരികയാണ്. പക്ഷെ തലമുറകളായി അവർ അഭ്യസിച്ചു കൈമാറിപ്പോന്ന ലാടസിദ്ധാവൈദ്യവും കർണ്ണാടകത്തിലെയും കുടകിലെയും ലാടന്മാർക്ക് ഒരു നേട്ടമായി തീർന്നിട്ടുണ്ട്. ശക്തികൊണ്ട് എല്ലാം നേരിടാമെന്ന് വിശ്വസിച്ചിരുന്ന കോയിമാരുടെ തത്വസംഹിതയ്ക്ക് കാലക്രമത്തിൽ കെട്ടുറപ്പില്ലാതെയായി. ബലവാൻമാരുടെ നീതിപാലനം ഏകപക്ഷീയമായിരുന്ന കാലത്ത് കോയിമാർ വിജയികളായിരുന്നു. അന്നവർക്ക് ഗ്രാമഭരണമേധാവിത്വവും പൌരോഹിത്യവുമുണ്ടായിരുന്നു. കോയിമാരുടെ വംശജരിൽ പലരും ക്രൂരമായ പഴയ പ്രതാപത്തിൽ നിന്ന് മോചനം തേടി നായ്ക്കർമാരും, ലാടരുമായി ബന്ധപ്പെട്ടിരിക്കുകയാണ്. ഒരു പക്ഷെ ആ കഴിഞ്ഞകാലങ്ങൾ മടങ്ങിവരണമെന്ന് അവർ ആശിക്കുന്നുണ്ടാകുകയില്ല. കോയിമാരെ മനുഷ്യരാക്കി തീർക്കാനുള്ള സമൂഹപരിവർത്തനം ഇന്ന് ആിവാസികളുടെ ഇടയിൽ നടക്കുന്നുണ്ട്.

***************************

# കുശവർ

ദക്ഷിണേന്ത്യയിലെ ജാതികളെയും ഉപജാതികളേയും അവരുടെ നിറം മങ്ങികിടക്കുന്ന സമൂഹ്യജീവിതത്തേയും സംബന്ധിച്ച് പഠനം നടത്താൻ ഔൽസുക്യം പ്രകടിപ്പിച്ച നരവംശവിദ്യാർത്ഥികൾക്ക് നാഗരികതയുടെ മുന്നേറ്റം പഴയ ആചാരങ്ങളെ വിഴുങ്ങികൊണ്ടിരിക്കുന്നതായിട്ടാണ് അനുഭവപ്പെടുന്നത്. കഴിഞ്ഞ നൂറ്റാണ്ടിലെ ഗിരിവർഗ്ഗക്കാരെയും ഗ്രാമാന്തരങ്ങളിൽ കുടിപ്പാർത്തിരുന്ന ആദിവാസികളേയും തെഴ്സ്റ്റനും മോർഗനും പരിചയപ്പെടുത്തിയിരുന്നത് ഓർമ്മവെച്ചാണ് ഗവേഷകന്മാർ ഗ്രാമങ്ങളിലെത്തിത്. നരവംശശാസ്ത്ര പഠനസംഘത്തിന്റെ ആഗമനവും കാത്തു പഴമയുടെ പുതപ്പിനുള്ളിൽ തന്നെ കഴിയാൻ ആദിവാസികൾ ആഗ്രഹിച്ചില്ല. ആന്ധ്രയിലും തമിഴ്നാട്ടിലും തിങ്ങി താമസിച്ചിരുന്ന ഗ്രാമീണ ആദിവാസികൾ കേരളത്തിലേയ്ക്കും മറ്റയൽദേശങ്ങളിലേയ്ക്കും തൊഴിലന്വേഷിച്ചുപോയി. ആദിവാസികളിൽ ആചാരവർഗ്ഗക്കാരും തൊഴിൽ വർഗ്ഗക്കാരും ഉൾപ്പെടുന്നു. തൊഴിൽ വർഗ്ഗക്കാരിൽ കാക്കാലൻ, മലയൻ, പറയൻ, കൂളംകോരി, ഊരാളി, ഉള്ളാടൻ, കുശവൻ എന്നിവർക്കാണ് മുൻപന്തിയിൽ സ്ഥാനമുള്ളത്. കഴിഞ്ഞകാലങ്ങളുടെ പ്രതാപവും ഇതിഹാസമഹിമയും അയവിറക്കികഴിയുന്ന ആദിവാസികൾ പരിഷ്കൃതരെ പാരമ്പര്യത്തിന്റെ പേരിൽ പരാജയപ്പെടുത്തുന്ന കഥകൾ ഉരുവിടുന്നവരാണ്. ആദിവാസ തൊഴിൽ വർഗ്ഗങ്ങളിൽ എണ്ണം ചുരുങ്ങിക്കൊണ്ടിരിക്കുന്ന കാക്കാലന്മാർ, ഉള്ളാടന്മാർ, കുശവന്മാർ തുടങ്ങിയവരുടെ വംശേതിഹാസം പഠനോൽസുകർക്ക് രസാവഹമായിത്തോന്നാം. കേരളത്തിൽ 1961-ലെ കണക്കു പ്രകാരം 207993 പിന്നോക്ക ആദിവാസിക്കാരുണ്ട്. 1422057 പട്ടികവർഗ്ഗക്കാർക്ക് പുറത്തുനിൽക്കുന്ന മുന്നൂറിലധികം ഉപജാതികൾ ഉൾക്കൊള്ളുന്നതാണ് പിന്നോക്ക ആദിവർഗ്ഗം. അവരിൽ ഒരു വിഭാഗമാണ് യന്ത്രവൽകൃത വ്യവസായികമുന്നേറ്റത്തിനു മുമ്പിൽ പകച്ചുനിൽക്കുന്ന കുശവന്മാർ.

മൺകലത്തിന്റെ സ്ഥാനം ചെമ്പും അലുമിനിയവും കീഴടക്കികൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കളിമൺ സൗന്ദര്യം സൃഷ്ട്ടിക്കുന്ന കുശവൻമാർ പരിഭ്രാന്തരായിത്തീർന്നിരിക്കുകയാണ്. നൂറ്റണ്ടുകളായി മനുഷ്യരൂപം പൂണ്ട ആ ബ്രഹ്മാവിന്റെ കൈകളെ യന്ത്രങ്ങൾ തോല്പിക്കാൻ പണിപ്പെടുകയാണ്. ഇന്നത്തെ വ്യവസായികവിപ്ലവത്തിൽ അലിഞ്ഞുചേരാൻ നമ്മുടെ കുശവന്മാർ ശ്രമിക്കുകയാണെങ്കിൽ സാമ്പത്തികമായി അവർക്കും മുന്നമിയിലെത്താൻ കഴിയും. മൺപാത്രങ്ങൾ മെനെഞ്ഞെടുക്കുന്നതിനുള്ള സഹകരണപ്രസ്ഥാനത്തിന്റെ സഹകരണവും ശാസ്ത്രീയമായ നിർമ്മാണബോധവും കുശവന്മാർക്ക് യഥാവസരം ലഭിച്ചാൽ ഇന്നത്തെനിലയ്ക്ക് മാറ്റം വരും.

മണൺപാത്രമുപയോഗിക്കുന്ന വീട്ടമ്മമാരും അതു തേച്ചുവൃത്തിയാക്കുന്ന ജോലിക്കാരും പാത്രനിർമ്മാതാക്കാളായ കുശവന്മാരുടെ പൂർവ്വകാലമഹത്വത്തെപ്പറ്റി എന്തറിയുന്നു. 'പോടാ കൊശവാ' എന്ന നിന്ദ്യമായ നിലയിൽ മനുഷ്യനെ തരംതാഴ്ത്തി ആട്ടിയകറ്റുന്ന കോപാന്ധനായ വീട്ടുകാരണവർ കുശവവംശമാഹാത്മ്യത്തെപ്പറ്റി ഒരു പിടിപാടുനമില്ലാത്ത 'അജ്ഞാനി'തന്നെയാണ്. പുരാണപ്രസിദ്ധമായ മഹാമേരു പർവ്വത്തിന്റെ ഉത്തുംഗത്തിൽ നിത്യതപസിലായിരുന്ന മഹർഷിപുഗവനാണ് കുശവവംശത്തിന്റെ ജനയിതാവ് എന്ന് കുശവന്മാർ വിശ്വസിക്കുന്നു. പർവ്വതത്തിന്റെ മടത്തട്ടിൽ അതിവാസമുറപ്പിച്ചിരുന്ന മഹർഷിവൃന്ദത്തിനു യാഗത്തിനു കുറേ പാത്രങ്ങൾ ആവശ്യമായി വന്നു. അവരുടെ അഭ്യർത്ഥന അനുസരിച്ച് 'കുശവൻ' എന്നു വിളിക്കപ്പെടുന്ന കുലാലൻമഹർഷി മൺപാത്രങ്ങൾ നിർമ്മിച്ചു കൊടുത്തു. മണ്ണിൽ നിന്ന് മനോഹരങ്ങളായ പാത്രങ്ങൾ നിർമ്മിക്കുന്ന കലാസ്വരൂപനായ 'കുലാലൻ' ദേവന്മാരുടെ പ്രീതിയ്ക്ക് പാത്രീഭൂതനായി. കുലാലന് സൗന്ദര്യദേവദയായ ഒരു തരുണിയെ കണ്ടു പിടിക്കുന്നതിന് മുനിമാർ ഒരു യാഗം തന്നെ നടത്തി. കശ്യപമഹർഷിയുടെ നേതൃത്വത്തിൽ നടന്ന ഒരു യാഗത്തിൽ കുലാലന് ഒരു സൌന്ദര്യധാമത്തെ സൃഷ്ട്ടിക്കുകയാണ് ചെയ്തത്. യാഗാഗ്നിയിൽ ദർഭപ്പുല്ല് മന്ത്രോച്ചാരണത്തോടെ നിക്ഷേപിച്ചപ്പോൾ ആഗ്രഹാനുസരണം കുശാഗ്നി എന്ന സുന്ദരി ഉയർന്നു വന്നു. കുലാലൻ കുശാഗ്നിയെ വിവാഹം ചെയ്തു. അതിൽ നിന്നും പെറ്റുപെരുകിയതാണത്രെ നമ്മുടെ മൺപാത്ര പണിക്കാരായ കുശവന്മാർ. അത്ഭുതം നിറഞ്ഞ ഈ കുശവേതിഹാസം ആവർത്തിക്കുന്ന കുശവന്മാരെ എവിടെയും കാണാം.

ചേരചെങ്കുട്ടവപ്രതാപകാലത്ത് പെരുമാക്കന്മാരുടെ അതിഥികളായി കേരളത്തിലെത്തിയവരാണ് തങ്ങളെന്ന് കുശവർപറയുന്നു. കുശാൽ രാജവംശത്തിന്റേയും പല്ലവരാജവംഥത്തിന്റേയും കലാമഹിമനിറഞ്ഞ ജീവിതത്തിൽ പണ്ടത്തെ കുശവന്മാർക്ക് വലിയപങ്കുണ്ടായിരുന്നുവെന്ന് വാദിക്കുന്നവരുമുണ്ട്. തമിഴ്നാട്ടിലെ രാമനാട്ടിലും മധുരയിലും 'കുലാലകഴകങ്ങൾ' പണ്ടുണ്ടായിരുന്നെന്ന് തമിഴ് രാജ്യചരിത്രകാരന്മാരിൽ ചിലർ പറയുന്നു. കുലാലഗ്രാമങ്ങൾ മധുരയിൽ ഉണ്ടായിരുന്നു. കുശവന്മാരുടെ പാരമ്പര്യതൊഴിലിനു രാമനാടു രാജാവ് ചില

ആനുകൂല്യങ്ങൾ നല്കിയിരുന്നു. തമിഴ്നാട്ടിൽ നിന്നും വിപണി അന്വേഷിച്ചു പുറപ്പെട്ട കുശവന്മാർ പാലക്കാടുവഴിയാണ് കേരളത്തിലാദ്യമായി എത്തിയതെന്നു തോന്നുന്നു. ആലത്തൂർ ഏലപ്പള്ളി, തെക്കൻ ചിറ്റൂർ ഭാഗങ്ങളിൽ കുശവകോളനിയും കുറേക്കാലങ്ങൾക്കുമുമ്പുണ്ടായിരുന്നു. പെരിയാറിന്റെ തീരപ്രദേശങ്ങളിൽ പശയുള്ള കളിമണ്ണുള്ളിടത്ത് കുടിൽകെട്ടി താമസിച്ചിരുന്ന കുശവന്മാരെ താഴ്ന്നജാതിയായി സമൂഹത്തിലെ ഉയർന്നവർ ഗണിച്ചിരുന്നതായി തെളിയുന്നുണ്ട്.

കുശവന്മാരുടെ വിവാഹം, അടിയന്തിരം തുടങ്ങിയ കാര്യങ്ങൾക്കു പൗരോഹിത്യനേതൃത്വം വഹിക്കുന്നത് സംസ്കൃതവും തമിഴും പുരാണങ്ങളും ഗ്രഹിച്ച ആളായിരിക്കണം. യാഗങ്ങളും അഭിഷേകങ്ങളും നടത്തുന്നതിനും വളരെയേറെ പാഴ്ചിലവു ചെയ്യുന്ന കുശവന്മാർക്ക് പൗരോഹിത്യത്തെ മാനിക്കാതെ തരമില്ല. മധുരമീനാക്ഷിയും ശാസ്താവും സർവ്വദേവതകളും ചാമുണ്ഡിയും കുശവന്മാർക്ക് ആരാധനാപാത്രങ്ങളാണ്. പുരോഹിതൻകല്പിക്കുന്ന, രക്ഷാശിക്ഷകൾ സ്വീകരിക്കുന്ന അനുസരണമുള്ള കുശവന്മാർ തങ്ങളുടെ പ്രയത്നത്തിന്റെ നല്ലൊരു ഭാഗം അതിനു ചിലവു ചെയ്യുന്നു. പാലക്കാടു ജില്ലയിൽ നൂറ്റാണ്ടുകൾക്കു മുമ്പേ കുശവൻമാർ തങ്ങളുടെ തൊഴിലിൽ ആധിപത്യം സ്ഥാപിച്ചിട്ടുണ്ട്. കളിമൺ പ്രദേശമായതു കൊണ്ടും തമിഴകവുമായി അഭേദ്യമായ ബന്ധമുളഅളതുകൊണ്ടും പാലക്കാട് കൂടുതൽ സൗകര്യപ്രദമായി. തിരുവിതാംകുറിലെ കുടമാളൂർ, വടയാർ, ചെങ്ങനൂർ, പത്തിയൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കൊച്ചിയിലെ തൃപ്പൂണിത്തുറ, കാഞ്ഞിരമിറ്റം, പുതുക്കാട്, കരുവന്നൂർ, പൈങ്ങോട്, അഷ്ടമിച്ചിറ തുടങ്ങിയ ഭാഗങ്ങളിൽ നിന്നും പണ്ടുകാലങ്ങളിൽ മൺപാത്ര പരിശീലനത്തിനും പൗരോഹിത്യപഠനത്തിനും കുശവൻമാർ പാലക്കാട്ടു പോയിരുന്നു. അന്നപ്രശ്നം (ചോറൂണ്), നാമകരണം, ഉപനയനം തുടങ്ങിയ ആചാരങ്ങൾക്ക് കുശവന്മാർക്കിടയിൽ വലിയ സ്ഥാനമാണുള്ളത്.

ഒരു കുശവയുവതിയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന കുശവൻ സ്ത്രീധനം പ്രതീക്ഷിക്കേണ്ടതില്ല. തങ്ങളുടെ കഴിവിനനുസരിച്ച് ഒരു സംഖ്യ വധുവിന്റെ വീട്ടിൽ കൊടുത്ത് പെണ്ണിനെ ആചാര പ്രകാരം വിവാഹം കഴിക്കുന്നു. വിധവാവിവാഹം വർജ്യമാണെങ്കിലും മറ്റ് ആദിവാസികളുടെ ഇടയിൽ നടപ്പുള്ള കുടുംബവിവാഹങ്ങൾ കുശവന്മാരുടെ ഇടയിൽ നടന്നിരുന്നു. കശ്യപമഹർഷിയും കുലാലപുംഗവനും അനുവർത്തിച്ചിരുന്ന 'നല്ലനടത്ത' തുടരാൻ കുശവൻ നിർബന്ധിതരാണ്. യാഗങ്ങൾ നടത്തി ആഘോഷപൂർവ്വം പൂർവ്വികരെ പ്രണമിച്ചിരുന്ന കുശവന്മാർ സാമ്പത്തികമായി അധ:പതിച്ചിരിക്കുകയാണ്. മണ്ണിൽ നിന്ന് രൂപങ്ങൾ നിർമ്മിച്ച് വിറ്റുകിട്ടുന്ന ചുരുങ്ങിയ വരവുകൊണ്ട് കാലയാപനം ചെയ്തിരുന്ന കുശവർ ഇടത്തട്ടുകരുടെ ചൂഷണത്തിന് വിധേയരാണ്. മൺപാത്രങ്ങൾ ചൂഷയിൽ നിന്ന് പുറത്തിറക്കിയാൽ തലച്ചുമടുകച്ചവടക്കാർ എത്തുകയായി. അവർ നിശ്ചയിക്കുന്ന മാർക്കറ്റുവിലയിൽ 'ഒടച്ചിൽ' തള്ളി (മൺപാത്രം വാങ്ങികൊണ്ടുപോകുമ്പോൾ ഉടഞ്ഞുപോകുന്നതിനുള്ള നഷ്ടം) വില കുശവനു കിട്ടും. വർഷകാലമായാൽ ചരക്കിനു പ്രിയമില്ലാതായാൽ പട്ടിണിതന്നെ. മലബാറിലെ ഗ്രാമങ്ങളിൽ സഞ്ചരിച്ചു മൺപാത്ര നിർമ്മാണം നടത്തുന്ന കുശവന്മാരുമുണ്ട്. വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നണിയിൽ കിടക്കുന്ന കുശവന്മാരുടെ സംഖ്യകുറഞ്ഞു വരികയാണ്, കേരളത്തിൽ, കുശവന്മാരുടെ പാട്ടുകൾ, കലാവിനോദങ്ങൾ, തുള്ളലുകൾ തുടങ്ങിയവ ആ വർഗ്ഗത്തിന്റെ സാംസ്ക്കാരിക പ്രവണത നിഴലിക്കുന്നവയാണ്. കുശവപുരാവൃത്തം ഇമ്പമുള്ള ഇതിഹാസത്തിന്റെ മണം കലർന്നതാണ്. സമൂഹത്തിൽ സമചിത്തതാബോധം പ്രാവർത്തികമാകുന്ന ഈ ഘട്ടത്തിൽ പഴയകുശവനെ പുതിയ മനുഷ്യനാക്കി മാറ്റാൻ ശ്രമിക്കേണ്ടിയിരിക്കുന്നു.

********************************